# മുതിയാവിള വല്യച്ചൻ

## അഥവാ

# ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.



**തയ്യാറാക്കിയത്**


**ശ്രീ. ആൽബർട്ട് S. തൂങ്ങാംപാറ**

**ശ്രീ. ജോയി T. പേയാട്**



**ഗ്രന്ഥസൂചിക:**

*പുഴുവിൽ നിന്ന് പൂമ്പാറ്റയിലേയ്ക്ക്*

റവ. ഫാ. ഡോ. കുര്യൻ ആലുങ്കൽ ഒ.സി.ഡി.

*മുതിയാവിള വല്യച്ചൻ അഥവാ ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.*

റവ. ഫാ. ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി.

*ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. ചില ഓർമ്മക്കുറിപ്പുകൾ*

റവ. ഫാ. ജെയിംസ് റ്റി. ഞാറയ്ക്കാട്ട്

*കർമ്മയോഗിയായ മിഷനറി: ദൈവദാസൻ റവ. ഫാ. അദെയോദാത്തൂസ് ഒസിഡി*

സ്മരണിക 1, 2, 3

# ദൈവദാസൻ ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. യെക്കുറിച്ചുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

1. ഫാദർ അദെയോദാത്തൂസ് ഏത് രാജ്യക്കാരനാണ്?

   **ബെൽജിയം**

2. ഏതു ഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറുള്ള കൊച്ചുരാജ്യമാണ് ബെൽജിയം?

   **യൂറോപ്പ്**

3. ബെൽജിയം സ്ഥിതിചെയ്യുന്നത് ഏതു മഹാസമുദ്രത്തിനടുത്താണ്?

   **അത്ലാന്റിക് മഹാസമുദ്രം**

4. ബെൽജിയത്തിന്റെ അയൽരാജ്യങ്ങൾ?

   **ജർമ്മനി, ഫ്രാൻസ്, നെതർലന്റ്**

5. അദെയോദാത്തൂസച്ചൻ ജനിച്ച വർഷവും തിയതിയും?

   **1896 ജനുവരി 27.**

6. അദെയോദാത്തൂസച്ചൻ ജനിച്ച സ്ഥലം?

   **ബെൽജിയത്തിലെ കെൽറൂക്ക് ഗ്രാമം**

7. അദെയോദാത്തൂസച്ചന്റെ പിതാവ് ആരായിരുന്നു?

   **ശ്രീ. ജോൺ ബെക്ക്**

8. അദെയോദാത്തൂസച്ചന്റെ മാതാവ് ആരായിരുന്നു?

   **ശ്രീമതി ലുദോവിക് ഒഗാന**

9. അദെയോദാത്തൂസച്ചന്റെ മാമ്മോദീസാ പേര് എന്തായിരുന്നു?

   **ജൂലിയാനസ് ജോനാസ് ജോസഫ് ബെക്ക് (ജൂലിയൻ ബെക്ക്)**

10. അദെയോദാത്തൂസച്ചന്റെ ചെറുപ്പത്തിലെ പേരെന്താണ്?

    **ജൂലിയൻ ബെക്ക്**

11. ജൂലിയന് എത്ര സഹോദരന്മാരുണ്ട്?

    **രണ്ട് സഹോദരന്മാർ**

12. ജൂലിയന് എത്ര സഹോദരിമാരുണ്ടായിരുന്നു?

    **ഒരു സഹോദരി**

13. ജോൺ ബെക്ക് - ലുദോവിക് ഒഗാനാ ദമ്പതിമാർക്കുണ്ടായിരുന്ന 4 മക്കളിൽ മൂത്തത് ആരായിരുന്നു?

    **ഫാദർ അദെയോദാത്തൂസ് ഒസിഡി (ജൂലിയൻ ബെക്ക്)**

14. ജൂലിയന്റെ മാതൃഭാഷ എന്തായിരുന്നു?

    **ഫ്ളെമിഷ്**

15. ഡച്ചുഭാഷയെ (നെതർലന്റ്) ബെൽജിയംകാർ വിളിക്കുന്ന പേര് എന്താണ്?

**ഫ്ളെമിഷ്**

16. ജൂലിയൻ വീട്ടിൽ വച്ചു പഠിച്ച രണ്ടു ഭാഷകൾ ഏതെല്ലാമായിരുന്നു?

    **ഫ്ളെമിഷ്, ഫ്രഞ്ച്**

17. ജൂലിയൻ അമ്മയോടൊപ്പം എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബ്ബാനയ്ക്ക് പോയിരുന്ന പള്ളി ഏത്?

    **സെന്റ് മൈക്കിൾസ് ഇടവക ദൈവാലയം**

18. സെന്റ് മൈക്കിൾസ് പള്ളിയുടെ മുന്നിലെ ബോർഡിൽ എഴുതിവച്ചിരിക്കുന്ന വാചകം എന്താണ്?

    **"*നിങ്ങളെ സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്*".**

19. ഫാ. അദെയോദാത്തൂസ് കുട്ടിക്കാലത്ത് ചെയ്തിരുന്ന ദൈവാലയശുശ്രൂഷ എന്തായിരുന്നു?

    **അൾത്താര ബാലൻ**

20. ജൂലിയൻ ബെക്ക് പ്രാഥമിക വിദ്യാഭ്യാസം നടത്തിയത് എവിടെയായിരുന്നു?

    **കെൽട്രിക് ഗ്രാമത്തിൽ**

21. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഏതു ജോലിയിലാണ് ജൂലിയൻ പ്രവേശിച്ചത്?

    **സൈനിക ജീവിതത്തിൽ**

22. ജൂലിയൻ ഏത് യുദ്ധത്തിലാണ് നിർബ്ബന്ധിത സൈനികസേവനത്തിന് നിയോഗിക്കപ്പെട്ടത്?

    **ഒന്നാം ലോകമഹായുദ്ധത്തിൽ**

23. ഒന്നാം ലോകമഹായുദ്ധത്തിന്റെ കാലയളവ് എന്തായിരുന്നു?

    **1914–1918**

24. ഒന്നാം ലോകമഹായുദ്ധത്തിലെ സെൻട്രൽ ശക്തികളായ പ്രധാന രാജ്യങ്ങൾ ഏതെല്ലാമായിരുന്നു?

    **ജർമ്മനി, ആസ്ട്രിയ, ഹംഗറി, തുർക്കി**

25. ഒന്നാം ലോകമഹായുദ്ധത്തിൽ സഖ്യശക്തികളായ പ്രധാന രാജ്യങ്ങൾ ഏതെല്ലാമായിരുന്നു?

    **ഇംഗ്ലണ്ട്, ഫ്രാൻസ്, ബെൽജിയം, സെർബിയ, റഷ്യ**

26. എന്തു കാരണത്താലായിരുന്നു ഒന്നാം ലോകമഹായുദ്ധത്തിൽ ഫ്രാൻസ്–ബെൽജിയം സഖ്യകക്ഷികൾ ജർമ്മനിയെ ആക്രമിച്ചത്?

    **ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾക്കുള്ള നഷ്ടപരിഹാരം ജർമ്മനിക്കു കൊടുക്കില്ല എന്ന കാരണത്താൽ.**

27. ജർമ്മനിയുടെ ഏതു മേഖലയാണ് ആക്രമിച്ചത്?

    **റൂഹർ മേഖല**

28. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ജൂലിയന്റെ പ്രായം എത്രയായി

രുന്നു?

**18 വയസ്സ്**

29. ജൂലിയൻ ഒന്നാം ലോകമഹായുദ്ധത്തിൽ ഒരു പോരാളിയായി പൊരുതിയത് എത്ര വർഷമായിരുന്നു?

**4 വർഷം**

30. ജൂലിയൻ സൈനികജീവിതത്തിൽ ഏതു ജോലിയാണ് ചെയ്തത്?

**യുദ്ധസമയത്ത് മെഷീൻഗണ്ണിന്റെ കാഞ്ചി വലിക്കുന്ന ജോലി**

31. ഒന്നാം ലോകമഹായുദ്ധത്തിൽ ജൂലിയനെ ഏതു സൈന്യമാണ് പിടികൂടി ജയിലിലടച്ചത്?

**ജർമ്മൻ സൈന്യം**

32. ഈശോയിലും അവിടുത്തെ അമ്മയിലും പരിപൂർണ്ണമായി സ്വയം സമർപ്പിക്കാനുള്ള ആയുധം ഏതാണ്?

**ജപമാല**

33. ജൂലിയന് ജയിലിൽ അഭയവും ആശ്വാസവും നല്കിയത് ആരായിരുന്നു?

**സ്വർഗ്ഗീയമാതാവായ പരിശുദ്ധ രാജ്ഞി**

34. ജൂലിയൻ കയ്യിൽ എപ്പോഴും കരുതിയിരുന്നത് എന്തായിരുന്നു?

**ജപമാല**

35. ഒന്നാം ലോകമഹായുദ്ധത്തിനിടയിൽ തടങ്കൽപാളയത്തിലായിരുന്ന ജൂലിയൻ ആശ്രയിച്ചത് എന്തിലായിരുന്നു?

**ജപമാല**

36. ജൂലിയൻ ജയിലിൽ കിടന്ന സമയം എല്ലാ ദിവസവും എങ്ങനെ, എത്ര ജപമാലകൾ എത്തിച്ചിരുന്നു?

**മുട്ടിന്മേൽ നിന്ന് 3 ജപമാലകൾ എല്ലാ ദിവസവും എത്തിച്ചിരുന്നു.**

37. ജയിലിൽ ജൂലിയൻ ശരണം പ്രാപിച്ചത് ആരെയായിരുന്നു?

**ഈശോയിലും പരിശുദ്ധ ദൈവമാതാവിലും**

38. എത്ര മാസത്തെ നീണ്ട ജപമാലയർപ്പണത്തിനുശേഷമാണ് ജൂലിയനെ പരിശുദ്ധ അമ്മ കൽത്തുറുങ്കിൽ നിന്നും രക്ഷിച്ചത്?

**11 മാസം**

39. ജൂലിയൻ പട്ടാളജീവിതത്തിൽ നിന്നും ഏതു വർഷമാണ് മോചിതനായത്?

**1918**

40. തടങ്കൽപ്പാളയത്തിൽനിന്നും രക്ഷപ്പെട്ട ജൂലിയൻ ആദ്യം പോയത് എവിടെയാണ്?

**മരിയൻ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദിലേയ്ക്ക്**

41. ലൂർദ്ദിലെ മരിയൻ തീർത്ഥാടനകേന്ദ്രം ഏതു രാജ്യത്തിലാണ് സ്ഥിതിചെയ്യുന്നത്?

**ഫ്രാൻസ്**

42. ഹൃദയത്തിന്റെ വേദനകൾ കേൾക്കാൻ പരിശുദ്ധ മാതാവിന്റെ കാതുകൾക്ക് മാത്രമേ കഴിയൂ എന്ന് ജൂലിയന് ബോദ്ധ്യമായത് ആരിൽ നിന്നാണ്?

**ലൂർദ്ദിലെ തീർത്ഥാടകരിൽനിന്ന്**

43. യുവാവായ ജൂലിയൻ ലൂർദ്ദിൽ വച്ച് പ്രാർത്ഥിച്ച മൂന്നു കാര്യങ്ങൾ ഏതെല്ലാം?

i **യുദ്ധത്തിൽനിന്ന് രക്ഷപ്പെട്ടതിന് പരിശുദ്ധ ദൈവമാതാവിന് നന്ദി പറയുവാൻ;**

ii **അമ്മയുടെ രോഗാവസ്ഥ മാറിക്കിട്ടാൻ**

iii **തന്റെ ഭാവിയെക്കുറിച്ച് വ്യക്തമായ തീരുമാനമെടുക്കാൻ**

44. യുവതിയുമായുള്ള പരിചയം അമ്മയോട് വെളിപ്പെടുത്തിയപ്പോൾ ജൂലിയന്റെ അമ്മയുടെ അമ്മയുടെ ആഗ്രഹം എന്തായിരുന്നു?

**തന്റെ മകൻ ഒരു വൈദികനായി കാണണമെന്ന്.**

45. ജൂലിയൻ പരിചയത്തിലായ യുവതി പിൽക്കാലത്ത് ആരായിത്തീർന്നു?

**അനാഥ കുഞ്ഞുങ്ങളെ സംരക്ഷിച്ചിരുന്ന മഠത്തിലെ ഒരു കന്യാസ്ത്രി**

46. ദൈവവിളിയെപ്പറ്റി പറയുമ്പോൾ അദെയോദാത്തൂസൻ തന്റെ സഭാംഗങ്ങളോട് പിന്നീട് പറഞ്ഞിരുന്നത് എന്തായിരുന്നു?

***"ഇപ്പോൾ അവർക്കും ധാരാളം മക്കൾ; എനിക്കും ധാരാളം മക്കൾ".***

47. പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിനുള്ള കർമ്മെലീത്തരുടെ അടയാളം എന്താണ്?

**ഉത്തരീയം**

48. ഉത്തരീയത്തിന്റെ മറ്റൊരു പേര്?

**വെന്തിങ്ങ**

49. ഉത്തരീയം കർമ്മെലീത്താസഭയിലൂടെ തിരുസഭയ്ക്ക് നല്കിയത് ആരായിരുന്നു?

**പരിശുദ്ധ കന്യകാമറിയം**

50. പരിശുദ്ധ കന്യകാമറിയം ഉത്തരീയം ആദ്യമായി കൊടുത്തത് ആർക്കായിരുന്നു? ആരായിരുന്നു അദ്ദേഹം?

**വി. സൈമൺ സ്റ്റോക്ക്. പാദുക കർമ്മെലീത്താസഭയുടെ അന്നത്തെ ജനറാളച്ചനായിരുന്നു അദ്ദേഹം.**

51. ഏതു വർഷമായിരുന്നു പരിശുദ്ധ കന്യകാമറിയം ഉത്തരീയം നല്കിയത്?

**ജൂലൈ 16, 1251**

52. ആവിലായിലെ വി. അമ്മത്രേസ്യാ ആർക്കുവേണ്ടിയായിരുന്നു പ്രാർത്ഥിച്ചിരുന്നത്?

**ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി.**

53. "*ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ഒരായിരം തവണ മരിക്കാനും സന്നദ്ധത*"യുള്ള ഒരു മിസ്റ്റിക് എന്നറിയപ്പെടുന്ന വിശുദ്ധ ആരായിരുന്നു?

**ഈശോയുടെ വി. ത്രേസ്യാ (വി. അമ്മത്രേസ്യാ)**

54. കർമ്മെലസഭ ഏതു വിശുദ്ധയാണ് നവീകരിച്ചത്?

**ആവിലായിലെ ഈശോയുടെ വി. ത്രേസ്യാ (വി. അമ്മത്രേസ്യാ)**

55. ഈശോയുടെ വി. അമ്മത്രേസ്യാ നവീകരിച്ച കർമ്മെലീത്താ സഭയുടെ പേര് എന്താണ്?

**നിഷ്പാദുക കർമ്മെലീത്താ സഭ.**

56. നിഷ്പാദുക കർമ്മെലീത്താസഭയുടെ ഹെഡ്ക്വാർട്ടേഴ്സ് എവിടെ?

**റോം**

57. '*ആദ്ധ്യാത്മികകാര്യങ്ങളുടെ ഗുരുഭൂത*' എന്ന് തിരുസഭ വിശേഷിപ്പിക്കുന്ന വിശുദ്ധ ആരാണ്?

**ഈശോയുടെ വി. ത്രേസ്യാ (വി. അമ്മത്രേസ്യാ)**

58. കത്തോലിക്കാസഭയിലെ ആദ്യത്തെ സ്ത്രീവേദപാരംഗത ആരാണ്?

**ഈശോയുടെ വി. ത്രേസ്യാ (വി. അമ്മത്രേസ്യാ)**

59. മാനസിക സമ്മർദ്ദം അനുഭവപ്പെട്ട ദിവസങ്ങളിൽ ജൂലിയൻ വായിച്ചത് ആരുടെ ആത്മകഥയായിരുന്നു?

**ലിസ്യുവിലെ വി. കൊച്ചുത്രേസ്യായുടെ**

60. വി. കൊച്ചുത്രേസ്യായുടെ ആത്മകഥയുടെ പേര് എന്താണ്?

**നവമാലിക**

61. വി. കൊച്ചുത്രേസ്യായ്ക്ക് കർമ്മെലീത്താസഭയിൽ ലഭിച്ച ഔദ്യോഗിക പേര് എന്തായിരുന്നു?

**ഉണ്ണീശോയുടെയും തിരുമുഖത്തിന്റെയും സി. ത്രേസ്യാ**

62. നർമ്മരസം കാത്തുസൂക്ഷിച്ചിരുന്ന രണ്ടു വലിയ കർമ്മെലീത്താ വിശുദ്ധർ ആരെല്ലാമായിരുന്നു?

**വി. കൊച്ചുത്രേസ്യാ, വി. എഡിത്ത്സ്റ്റെയിൻ**

63. കർമ്മെലീത്താസഭയിൽ ആയിരുന്നപ്പോൾ വി. കൊച്ചുത്രേസ്യാ ആർക്കുവേണ്ടിയായിരുന്നു കൂടുതലും മാദ്ധ്യസ്ഥം വഹിച്ചിരുന്നത്?

**വൈദികർക്കും ലോകമെമ്പാടുമുള്ള മിഷണറിമാർക്കും**

64. ഏതു വർഷമാണ് സി. കൊച്ചുത്രേസ്യായെ ***വാഴ്ത്തപ്പെട്ടവൾ*** എന്നു പ്രഖ്യാപിച്ചത്?

**1923 ഏപ്രിൽ 29**

65. ലിസ്യുവിലെ സി. കൊച്ചുത്രേസ്യായെ എത്രയും വേഗം വിശുദ്ധയായി നാമകരണം ചെയ്യണമെന്നും ആദ്യമായി XI-ാം പീയൂസ് മാർപ്പാപ്പയ്ക്ക് അപേക്ഷ നല്കിയ മെത്രാൻ ആരാണ്?

**ദൈവദാസൻ അലോഷ്യസ് മരിയ ബെൻസിഗർ പിതാവ്**

66. ലിസ്യൂവിലെ സി. കൊച്ചുത്രേസ്യായെ വി. കൊച്ചുത്രേസ്യയായി പ്രഖ്യാപിച്ച മാർപ്പാപ്പ ആരായിരുന്നു?

**പതിനൊന്നാം പീയൂസ് മാർപ്പാപ്പാ**

67. വാഴ്ത്തപ്പെട്ട സി. കൊച്ചുത്രേസ്യയെ പതിനൊന്നാം പീയൂസ് മാർപ്പാപ്പ ***വിശുദ്ധ*** യായി പ്രഖ്യാപിച്ചത് എപ്പോൾ?

**1925 മേയ് 17**

68. വി. കൊച്ചുത്രേസ്യ എന്തിന്റെ മദ്ധ്യസ്ഥയാണ്?

**ലോകമെമ്പാടുമുള്ള മിഷനറിമാരുടെ മദ്ധ്യസ്ഥ**

69. ലോകമെമ്പാടുമുള്ള മിഷനറിമാരുടെ മദ്ധ്യസ്ഥയാകാൻ വി. കൊച്ചുത്രേസ്യായ്ക്ക് സാധിച്ചത് എത്ര വർഷമായിരുന്നു അവൾ ഭൂമിയിൽ ജീവിച്ചിരുന്നത്?

**24 വർഷങ്ങൾ**

70. വി. കൊച്ചുത്രേസ്യായെ അഖിലലോക മിഷൻ രാജ്യങ്ങളുടെ മദ്ധ്യസ്ഥയായി മാർപ്പാപ്പാ എപ്പോഴാണ് പ്രഖ്യാപിച്ചത്?

**1927 ഡിസംബർ 14**

71. ജൂലിയനെ കർമ്മെലീത്താസഭയിലേയ്ക്ക് നയിക്കാനുള്ള കാരണമെന്തായിരുന്നു?

**വി. കൊച്ചുത്രേസ്യായുടെ ആത്മകഥാ പാരായണം**

72. എന്താണ് സെമിനാരി?

**പുരോഹിതനാകാനും സന്യാസിയാകാനും ഒരുക്കുന്ന ഇടം**

73. ജൂലിയൻ ഏത് സെമിനാരിയിൽ ചേർന്നാണ് വൈദികനായത്?

**നിഷ്പാദുക കർമ്മെലീത്താ ഒന്നാംസഭയുടെ ബെൽജിയത്തിലുള്ള ഗെന്റിലെ കർമ്മെലീത്താ സെമിനാരിയിൽ**

74. ജൂലിയൻ ബെൽജിയത്തിലുള്ള നിഷ്പാദുക കർമ്മെലീത്താസഭയുടെ ഏതു പ്രോവിൻസിലാണ് വൈദികാർത്ഥിയായി ചേർന്നത്?

**ഫ്ളാന്റേഴ്സ് പ്രോവിൻസിൽ**

75. ജൂലിയൻ നിഷ്പാദുക കർമ്മെലീത്താസഭയിൽ ചേർന്നത് ഏതു വർഷം? ഏതു മാസം?

**1919 ജൂലൈ മാസത്തിൽ.**

76. ജൂലിയൻ ഏതു സ്ഥലത്തെ കർമ്മെലീത്താ ആശ്രമത്തിലാണ് നൊവിഷ്യേറ്റ് നടത്തിയത്?

**ബ്രൂജിലെ നിഷ്പാദുക കർമ്മെലീത്താ ആശ്രമത്തിൽ.**

77. എന്താണ് നൊവിഷ്യേറ്റ്?

**ഈശോയ്ക്ക് പരിപൂർണ്ണമായി സമർപ്പിച്ച് സന്യാസവ്രതങ്ങൾ അനുഷ്ഠിച്ചു ജീവിക്കാനുള്ള പരിശീലനം കിട്ടുന്ന സ്ഥലമാണ് നോവിഷ്യേറ്റ് അഥവാ നവ സന്യാസകേന്ദ്രം.**

78. നോവിഷ്യേറ്റിൽ വൈദിക വിദ്യാർത്ഥികളുടെ രൂപീകരണച്ചുമതലയുള്ള വൈദികനെ പറയുന്ന പേരെന്താണ്?

**നോവിസ് മാസ്റ്റർ**

79. എന്നായിരുന്നു ജൂലിയൻ പ്രഥമ വ്രതവാഗ്ദാനം നടത്തിയത്?

**1920 ജൂലൈ 12.**

80. ജൂലിയന്റെ ജ്ഞാനസ്നാനപ്പേര് എപ്പോഴാണ് മാറിയത്?

**പ്രഥമ വ്രതവാഗ്ദാനത്തിൽ**

81. പ്രഥമ വ്രതവാഗ്ദാനത്തിൽ എന്തായിരുന്നു ജൂലിയന് ലഭിച്ച പേര്.

**വി. പത്രോസിന്റെ ബ്രദർ അദെയോദാത്തൂസ് ഒ.സി.ഡി.**

**സാധാരണയായി അദ്ദേഹത്തെ ബ്രദർ അദെയോദാത്തൂസ് എന്നു വിളിച്ചിരുന്നു.**

82. അദെയോദാത്തൂസ് എന്ന പദം ഏതു ഭാഷയിൽ നിന്നാണ്?

**ലത്തീൻ**

83. അദെയോദാത്തൂസ് എന്ന വാക്കിന്റെ അർത്ഥം എന്തായിരുന്നു?

**ദൈവത്തിന്റെ ദാനം**

84. കർമ്മെലീത്താ ആശ്രമത്തിലുണ്ടായിരുന്ന കർക്കശ നിയമങ്ങൾ എന്തൊക്കെയായിരുന്നു?

- **ആണ്ടുവട്ടം മുഴുവനും മാംസം വർജ്ജിച്ചു നോമ്പു നോക്കുക.**
- **സെപ്തംബർ 14 മുതൽ ഉയിർപ്പു തിരുനാൾ വരെ 6 മാസം എല്ലാ ദിവസവും മാംസം വർജ്ജിച്ചു ഒരു നേരം ഭക്ഷണം കഴിക്കുക**
- **പാതിരായ്ക്കു എണീറ്റ് പ്രാർത്ഥിക്കുക.**

85. നിഷ്പാദുക കർമ്മെലീത്താസഭയുടെ നിയമമനുസരിച്ച് രാവിലെ എത്ര മണിക്കൂർ ധ്യാനത്തിനായി മാറ്റിവയ്ക്കണം?

**ഒരു മണിക്കൂർ**

86. നിഷ്പാദുക കർമ്മെലീത്താസഭയുടെ നിയമമനുസരിച്ച് വൈകുന്നേരങ്ങളിൽ എത്ര മണിക്കൂർ ധ്യാനത്തിനായി മാറ്റിവയ്ക്കണം?

**ഒരു മണിക്കൂർ**

87. ഏതു സ്ഥലത്തായിരുന്നു ബ്രദർ അദെയോദാത്തൂസ് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചത്?

**കോഡ്രിക് എന്ന സ്ഥലത്തെ സെമിനാരിയിൽ**

88. എത്ര വർഷമായിരുന്നു ബ്രദർ അദെയോദാത്തൂസ് തത്വശാസ്ത്രം പഠിച്ചത്?

**3 വർഷം**

89. എത്ര വർഷമായിരുന്നു ബ്രദർ അദെയോദാത്തൂസ് ദൈവശാസ്ത്രം പഠിച്ചത്?

**4 വർഷം**

90. കർമ്മെലീത്താ സന്യാസ വൈദികനാകുന്നതിന് ഫാ. അദെയോദാത്തൂസ് ആത്മീയമായി ഒരുങ്ങി രൂപാന്തരപ്പെട്ടത് എത്ര വർഷമായിരുന്നു?

**9 വർഷങ്ങൾ**

91. ബെൽജിയത്ത് കർമ്മെലീത്താസഭയിൽ ദൈവികനാകണമെങ്കിൽ പഠിക്കേണ്ടിയിരുന്ന രണ്ടു ഭാഷകൾ ഏതെല്ലാമായിരുന്നു?

**ലാറ്റിൻ, ഗ്രീക്ക്**

92. ബ്രദർ അദെയോദാത്തൂസ് വൈദികനായത് ഏതുവർഷം, ഏതു തിയതിയിൽ?

**1927 ജൂലൈ 31**

93. ഫാ. അദെയോദാത്തൂസ് തന്റെ പ്രഥമ ദിവ്യബലിയർപ്പിച്ചത് ഏതു പള്ളിയിൽ വച്ചായിരുന്നു?

**കീൽഡ്രിക്കിലെ തന്റെ ഇടവകപ്പള്ളിയായിരുന്ന വി. മൈക്കിൾ ദൈവാലയത്തിൽ വച്ച്.**

94. "*ദൈവം നമ്മെ നമ്മുടെ സ്നേഹത്തെ ആസ്പദമാക്കി മാത്രം വിധിക്കും*" എന്നു പറഞ്ഞ വിശുദ്ധൻ ആരായിരുന്നു?

**കുരിശിന്റെ വി. യോഹന്നാൻ**

95. ഈ പറയുന്ന *സ്നേഹം* കൊണ്ട് അദെയോദാത്തൂസച്ചൻ എന്താണ് ഉദ്ദേശിക്കുന്നത്?

**നല്ല മനസ്സ്**

96. കേരളത്തിലെ മൂന്നു കത്തോലിക്കാ റീത്തുകൾ ഏതെല്ലാം?

**ലത്തീൻ, സീറോ-മലബാർ, സീറോ-മലങ്കര**

97. ബ്രിട്ടീഷ്-ജർമ്മൻ മിഷനറിമാർ കേരളത്തിൽ വന്ന് പള്ളി പണിതതിന്റെ അവശിഷ്ടം ഏതു സ്ഥലത്തു നമുക്കു കാണാൻ സാധിക്കും?

**തെന്മല ഡാം**

98. നിഷ്പാദുക കർമ്മെലീത്താസഭയുടെ ഇന്ത്യയിലേയ്ക്കുള്ള മിഷൻ പ്രവർത്തനം ഏതു നൂറ്റാണ്ടു മുതൽക്കേ ആരംഭിച്ചിരുന്നു?

**പതിനാറാം നൂറ്റാണ്ടു മുതൽ**

99. ഭാരതത്തിലെ പ്രഥമ രൂപത ഏത്?

**കൊല്ലം**

100. കൊല്ലം രൂപത സ്ഥാപിതമായ വർഷം?

**1329**

101. ഏതു വർഷം മുതലാണ് സഭാധികാരികൾ അവിഭക്ത കൊല്ലം രൂപതയുടെ ആത്മീയ കാര്യങ്ങൾ നോക്കുന്നതിനായി ബെൽജിയത്തുള്ള ഫ്ളാന്റേഴ്സ് പ്രോവിൻസിനെ ഉത്തരവാദിത്വമേല്പിച്ചത്?

**1898**

102. അഭിവന്ദ്യ മോൺ. അലോഷ്യസ് മരിയ ബെൻസിഗർ ഏത് വർഷമാണ് കൊല്ലം രൂപതയുടെ ഭരണം ഏറ്റെടുത്തത്?

**1905**

103. അഭിവന്ദ്യ മോൺ. അലോഷ്യസ് മരിയ ബെൻസിഗറിന്റെ ജന്മദേശം എവിടെയാണ്?

**സ്വിറ്റ്സർലണ്ട്**

104. ഫാ. അദെയോദാത്തൂസ് അംഗമായിരുന്ന ഫ്ളാന്റേഴ്സ് പ്രോവിൻസ് കേരളത്തിലെ

ഏതു രൂപതയിലെ മിഷൻ പ്രവർത്തനങ്ങളായിരുന്നു നടത്തിയത്?

**കൊല്ലം രൂപത**

105. ഭാരതീയരെ കർമ്മെലീത്താസഭയിലേയ്ക്ക് സ്വീകരിക്കാൻ വാദിച്ചിരുന്ന രണ്ടു പ്രമുഖ പുരോഹിതന്മാർ ആരെല്ലാമായിരുന്നു?

- ✞ **കൊല്ലം രൂപതാ മെത്രാനായിരുന്ന അഭിവന്ദ്യ അലോഷ്യസ് മരിയ ബെൻസിഗർ ഒസിഡി**
- ✞ **അപ്പസ്തോലിക് ഡെലിഗേറ്റായിരുന്ന മോൺ. സലേസ്ക്കി**

106. അവിഭക്ത കൊല്ലം രൂപതയിൽ ഉൾപ്പെട്ടിരുന്ന ഇന്നത്തെ ആറു രൂപതകൾ ഏതെല്ലാമായിരുന്നു?

**കൊല്ലം, തിരുവനന്തപുരം, പുനലൂർ, നെയ്യാറ്റിൻകര, കോട്ടാർ, കുഴിത്തുറ**

107. കർമ്മെലീത്താ ആശ്രമം സ്ഥാപിക്കാൻ ബെൽജിയത്തുനിന്ന് ആദ്യസംഘം കൊല്ലത്ത് എത്തിയത് എന്നായിരുന്നു?

**1901 ഏപ്രിൽ 14**

108. ഫ്ളാന്റേഴ്സ് പ്രോവിൻസ് വഴുതക്കാട് കാർമ്മെൽഹില്ലിനുള്ള സ്ഥലം വാങ്ങിയത് എന്നായിരുന്നു?

**1901 ഒക്ടോബർ 16**

109. കാർമ്മെൽ ഹിൽ ആശ്രമപള്ളി ആദ്യം പണി തുടങ്ങിയത് ഏതു വർഷം?

**1901**

110. പാങ്ങോട് കാർമ്മെൽഹിൽ ആശ്രമത്തിൽ അല്മായ കർമ്മെലീത്താസഭ സ്ഥാപിതമായത് ഏതു വർഷമായിരുന്നു?

**1909**

111. അദെയോദാത്തൂസച്ചൻ അല്മായ കർമ്മെലീത്താസഭയിലെ ഡയറക്ടർ ആയി സേവനം ചെയ്തത് എവിടെവച്ചാണ്?

**കാർമ്മെൽ ഹിൽ ആശ്രമം, തിരുവനന്തപുരം**

112. അദെയോദാത്തൂസച്ചൻ ധ്യാനപ്രസംഗങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കി കന്യാസ്ത്രികൾക്ക് നല്കുകയും അവരെ ധ്യാനിപ്പിക്കുകയും ചെയ്തിരുന്നു. ഈ ധ്യാനങ്ങളിലൊരിക്കൽ പങ്കെടുത്ത ഒരു വിശുദ്ധയുടെ പേര് പറയാമോ?

**വിശുദ്ധ മദർ തെരേസാ.**

113. പാശ്ചാത്യകലാവൈഭവത്തിന്റെ ശ്രേഷ്ഠത വിളിച്ചോതുന്ന ബ്രഹ്മാണ്ഡ കാർമ്മെൽ ഹിൽ തിരുക്കുടുംബ ദൈവാലയം പണിപൂർത്തിയാക്കിയതും പ്രതിഷ്ഠിക്കപ്പെട്ടതുമായ വർഷം ഏതായിരുന്നു?

**1910**

114. പാങ്ങോടു പള്ളി, കാർമ്മെൽഹിൽ ആശ്രമ ദൈവാലയം എന്നീ നാമങ്ങളിൽ അറിയപ്പെടുന്ന തിരുക്കുടുംബ ദൈവാലയം ഏതു പേരിലാണ് അറിയപ്പെടുന്നത്?

**കുമ്പസാരപ്പള്ളി**

115. തിരുവനന്തപുരം നഗരത്തിന്റെ ഒരു ആത്മീയ ഗോപുരം ഏതാണ്?

**തിരുവനന്തപുരത്തെ പാങ്ങോട് കാർമ്മെൽഹിൽ ആശ്രമ ദൈവാലയം.**

116. ഭാരത കർമ്മെലീത്താസഭയുടെ പിള്ളത്തൊട്ടിൽ എന്നറിയപ്പെടുന്നത് ഏത് ആശ്രമമാണ്?

**തിരുവനന്തപുരത്തെ കാർമ്മെൽഹിൽ നിഷ്പാദുക കർമ്മെലീത്താ ആശ്രമം**

117. കാർമ്മെൽഹിൽ ആശ്രമം എപ്പോൾ സ്ഥാപിതമായി?

**1906**

118. കാർമ്മെൽഹിൽ ആശ്രമം ആരുടെ നാമധേയത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്?

**വാഴ്ത്തപ്പെട്ട ഡെമനീഷ്യന്റെയും റെദംപ്തൂസിന്റെയും നാമധേയത്തിൽ.**

119. ഏത് അച്ചൻ ഇന്ത്യയിൽ വന്നപ്പോഴാണ് തിരുവനന്തപുരത്ത് കർമ്മെലീത്താസഭയുടെ ഒരു നൊവീഷ്യേറ്റ് സ്ഥാപിക്കാൻ ശുപാർശ ചെയ്തത്?

**വെരി. റവ. ഫാ. തോമസ് അക്വീനാസ് ഒസിഡി, അന്നത്തെ പ്രൊവിൻഷ്യാൾ**

120. പ്രൊവിൻഷ്യാളച്ചനായിരുന്ന വെരി. റവ. ഫാ. തോമസ് അക്വീനാസ് ഒസിഡി ഇന്ത്യയിൽ വന്നത് ഏതു വർഷമായിരുന്നു?

**1926.**

121. വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ ലോകത്തിൽ ആദ്യമായി സ്ഥാപിച്ച ദൈവാലയം ഏത്?

**സെന്റ് ത്രേസ്യാസ് ലിസ്യു ദൈവാലയം, തൂങ്ങാംപാറ**

122. വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ ദൈവാലയം സ്ഥാപിതമായത് എപ്പോൾ?

**1924 മേയ് 17**

123. ആരാണ് വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ ലോകത്തിൽ ആദ്യമായി സ്ഥാപിച്ച പള്ളിയുടെ ആശീർവ്വാദ കർമ്മം നിർവ്വഹിച്ചത്?

**അഭിവന്ദ്യ മോൺ. അലോഷ്യസ് മരിയ ബെൻസിഗർ, കൊല്ലം മെത്രാൻ**

124. "*തന്റെ രാജ്യത്തിലെ ഏറ്റവും വിശുദ്ധനായ വ്യക്തി അഭിവന്ദ്യ ബെൻസിഗർ പിതാവാണ്*" എന്ന് വിശേഷിപ്പിച്ച തിരുവിതാംകൂർ രാജാവ് ആരായിരുന്നു?

**ശ്രീമൂലം തിരുനാൾ മഹാരാജാവ്**

125. ദൈവദാസൻ അലോഷ്യസ് മരിയ ബെൻസിഗർ പിതാവ് ഏതു വർഷമാണ് കൊല്ലം രൂപതയുടെ ഭരണം അവസാനിപ്പിച്ചത്?

**1931 ആഗസ്റ്റ് 11**

126. വൈദികപട്ടം കഴിഞ്ഞ് ഏതു രാജ്യത്തേയ്ക്കു പോകാനാണ് ഫാ. അദെയോദാത്തൂസ് ഒരുങ്ങിയത്?

**ഇന്ത്യയിലേയ്ക്ക്**

127. കാർമ്മെൽഹിൽ ആശ്രമത്തിൽ വൈദിക പഠനത്തിനായി വന്ന നാട്ടുകാർക്ക് മെച്ചപ്പെട്ട രൂപീകരണം നല്കാൻ ബെൽജിയത്തുള്ള സഭാധികാരികൾ ഇന്ത്യയിലേയ്ക്ക് അയച്ച രണ്ടു മിഷനറിമാർ ആരെല്ലാമായിരുന്നു?

- ✞ **റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

✞ **റവ. ഫാ. ലോറൻസ് ഒസിഡി**

128. അദെയോദാത്തൂസച്ചൻ മിഷൻ പ്രവർത്തനത്തിനായി ഇന്ത്യയിൽ വന്നത് ഏതു വർഷം?

**1927 നവംബർ 27**

129. അദെയോദാത്തൂസച്ചൻ മിഷൻ പ്രവർത്തനത്തിനായി തിരുവനന്തപുരത്തെ കാർമ്മെൽഹിൽ ആശ്രമത്തിൽ വരുമ്പോൾ അദ്ദേഹത്തിന് എത്ര വയസ്സായിരുന്നു?

**31 വയസ്സ്**

130. അദെയോദാത്തൂസച്ചൻ മിഷൻ പ്രവർത്തനത്തിനായി ആദ്യം എത്തിയത് ഏത് കർമ്മെലീത്താ ആശ്രമത്തിലായിരുന്നു?

**തിരുവനന്തപുരം കാർമ്മെൽഹിൽ ആശ്രമത്തിൽ**

131. നാട്ടുകാർക്ക് പൗരോഹിത്യം സ്വീകരിക്കാമെന്നതിന്റെ അടിസ്ഥാനത്തിൽ അർത്ഥികൾക്കായി 1928 മാർച്ച് 10ന് ആരംഭിച്ച സന്യാസജീവിതത്തിന്റെ പ്രഥമ കാലഘട്ടം ഏതാണ്?

**നോവിഷ്യേറ്റ് കാലഘട്ടം**

132. കേരളത്തിൽ ഏത് പ്രോവിൻസിലെ അംഗങ്ങളെ പരിശീലിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ഫാ. അദെയോദാത്തൂസ് മിഷനറിയായി വന്നത്?

**തിരുവനന്തപുരത്തെ മലബാർ പ്രോവിൻസിലെ അംഗങ്ങളെ**

133. കൊല്ലം രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാ. കോൺസ്റ്റെന്റൈൻ ഒസിഡി, ഫാ. ലൂക്കോസ് ഒസിഡി ഏത് ആശ്രമത്തിന്റെ സുപ്പീരിയറായും, നോവീസ് മാസ്റ്ററായും സേവനം ചെയ്തിരുന്നത്?

**തിരുവനന്തപുരം മലബാർ പ്രോവിൻസിന്റെ കാർമ്മെൽഹിൽ ആശ്രമത്തിൽ**

134. ഫാ. അദെയോദാത്തൂസ് കേരളത്തിലെത്തിയപ്പോഴുള്ള ആദ്യനിയോഗം എന്തായിരുന്നു?

**തിരുവനന്തപുരത്തുള്ള പാങ്ങോട് കാർമ്മെൽഹിൽ ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുക എന്ന ചുമതല.**

135. 1928 മാർച്ച് 19ന് ഇന്ത്യാക്കാരായ ആദ്യത്തെ 7 നവസന്യാസികൾ സന്യാസവസ്ത്രം സ്വീകരിച്ചപ്പോൾ അവിടെ സന്നിഹിതനായിരുന്ന കർമ്മെലീത്താ മിഷനറി ആരായിരുന്നു?

**ഫാ. അദെയോദാത്തൂസ് ഒസിഡി.**

136. ഫാ. അദെയോദാത്തൂസ് എത്ര വർഷമായിരുന്നു പാങ്ങോട് ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നത്?

**19 വർഷങ്ങൾ.**

137. ഫാ. അദെയോദാത്തൂസിന്റെ കീഴിൽ പരിശീലനം സിദ്ധിച്ച് സഭാചരിത്രത്തിൽ ആഴമായ വ്യക്തിമുദ്ര പതിപ്പിച്ചവർ ആരെല്ലാമായിരുന്നു?

- **ബ്രദർ ബേസിൽ ഒസിഡി**
- **ബ്രദർ റെദംപ്തൂസ് ഒസിഡി**
- **ബ്രദർ റോമേവൂസ് ഒസിഡി**

✥ ബ്രദർ പ്ലാസിഡ് ഒസിഡി

138. കാർമ്മെൽഹിൽ ആശ്രമത്തിൽ ഫാ. അദെയോദാത്തൂസിന്റെ കൂടെ അനേക വർഷം ജീവിച്ച വൈദികൻ ആരായിരുന്നു?

**റവ. ഫാ. ആൽബർട്ട് കട്ടിക്കാരൻ**

139. ഫാ. അദെയോദാത്തൂസിന്റെ അപാരമായ സന്യാസചൈതന്യം മനസ്സിലാക്കാൻ എത്രാമത്തെ വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള സന്യസജീവിതമാണ് നാം മനസ്സിലാക്കേണ്ടത്?

**രണ്ടാം വത്തിക്കാൻ കൗൺസിൽ**

140. ഫാ. അദെയോദാത്തൂസ് തിരുവനന്തപുരത്തു വന്നതിനുശേഷം സെമിനാരിയിൽ പഠിപ്പിക്കാൻവേണ്ടി പഠിച്ച ഭാഷ ഏതാണ്?

**ഇംഗ്ലീഷ്**

141. കാർമ്മെൽഹിൽ ആശ്രമത്തെ തത്വശാസ്ത്ര കോളേജ് ആയി ഉയർത്തിയതെപ്പോൾ?

**1929**

142. കാർമ്മെൽഹിൽ ആശ്രമത്തെ ദൈവശാസ്ത്രകോളേജ് ആയി ഉയർത്തിയതെപ്പോൾ?

**1932**

143. ഫാ. അദെയോദാത്തൂസ് കാർമ്മെൽഹിൽ ആശ്രമ സെമിനാരിയിൽ പഠിപ്പിച്ച വിഷയങ്ങൾ ഏതെല്ലാമായിരുന്നു?

**തത്വശാസ്ത്രവും ദൈവശാസ്ത്രവും**

144. ഏതു ഭാഷയിലായിരുന്നു ഫാ. അദെയോദാത്തൂസ് വൈദികവിദ്യാർത്ഥികളെ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിപ്പിച്ചിരുന്നത്?

**ഇംഗ്ലീഷ്**

145. ഫാ. അദെയോദാത്തൂസിന് അറിയാമായിരുന്ന ഭാഷകൾ ഏതെല്ലാമായിരുന്നു?

**ലത്തീൻ, ഗ്രീക്ക്, ഫ്രഞ്ച്, ഇംഗ്ലീഷ്**

146. വൈദിക വിദ്യാർത്ഥികളെ ഫാ. അദെയോദാത്തൂസ് പഠിപ്പിച്ചിരുന്ന ഭാഷകൾ ഏതെല്ലാമായിരുന്നു?

**ലത്തീൻ, ഗ്രീക്ക്, ഫ്രഞ്ച്**

147. പാപമോചനം നല്കി ഈശോയോടൊപ്പം അനുദിനം നടക്കാൻ നമ്മെ സഹായിക്കുന്ന കൂദാശ ഏതാണ്?

**കുമ്പസാരം**

148. ഫാ. അദെയോദാത്തൂസ് പാങ്ങോട് സെമിനാരിയിലെ അദ്ധ്യാപനം നിർത്തി കുമ്പസാരക്കാരനായി മാറിയ വർഷം ഏത്?

**1946**

149. ഫാ. അദെയോദാത്തൂസ് അച്ചന്റെ കാലത്ത് പാങ്ങോട് കാർമ്മെൽഹിൽ ആശ്രമത്തിലെ ആശ്രമ അധിപൻ ആരായിരുന്നു?

**റവ. ഫാ. കോൺസ്റ്റൻന്റൈൻ ഒസിഡി**

150. മുതിയാവിളയിൽ ഫാ. അദെയോദാത്തൂസ് സേവനമനുഷ്ഠിച്ചപ്പോൾ എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച അദ്ദേഹത്തെ പാങ്ങോട് കാർമ്മെൽഹിൽ ആശ്രമത്തിലെ കുമ്പസാരത്തിന് നിയമിച്ചതാരാണ്?

**റവ. ഫാ. കോൺസ്റ്റൻന്റൈൻ ഒസിഡി, അന്നത്തെ പ്രിയോരച്ചൻ**

151. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച ഫാ. അദെയോദാത്തൂസ് ആരെയായിരുന്നു കുമ്പസാരിപ്പിച്ചിരുന്നത്?

**പാങ്ങോട് കാർമ്മെൽഹിൽ ആശ്രമത്തിലെ സന്യാസ-വൈദികരൂപീകരണത്തിലുള്ള വിദ്യാർത്ഥികളെ**

152. ഫാ. അദെയോദാത്തൂസ് മുടക്കം കൂടാതെ കുമ്പസാരം കേട്ടിരുന്ന മൈനർ സെമിനാരി ഏത്?

**തിരുവനന്തപുരത്തെ പാളയത്തുണ്ടായിരുന്ന സെന്റ് വിൻസെന്റ് മൈനർ സെമിനാരി**

153. തിരുവനന്തപുരത്ത് ഫാ. അദെയോദാത്തൂസ് സ്ഥിരമായി കുമ്പസാരം കേൾക്കാൻ പോയിരുന്ന മഠം ഏതായിരുന്നു?

**ഹോളി ഏഞ്ചൽസ് മഠം**

154. കാർമ്മെൽഹിൽ ആശ്രമത്തിൽ 1927 മുതൽ 1947 വരെ അദെയോദാത്തൂസച്ചന്റെ സേവനങ്ങൾ എന്തായിരുന്നു? അവ ചുരുക്കി 7 വരിയിൽ ഉത്തരം എഴുതുക:

- ✞ **ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളെ ലത്തീൻ, ഗ്രീക്ക്, ഫ്രഞ്ച്, തത്വശാസ്ത്രം, ദൈവശാസ്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുക.**
- ✞ **ആശ്രമത്തിലെ സാമ്പത്തിക കാര്യങ്ങൾ നോക്കുക.**
- ✞ **കുഷ്ഠരോഗികളുടെ വ്രണങ്ങൾ കഴുകി മരുന്നുവച്ചുകെട്ടി അവർക്ക് മരുന്ന്, സാമ്പത്തികം, വസ്ത്രം ഇവ നല്കുക.**
- ✞ **തിരുവനന്തപുരം സെൻട്രൽ ജയിലിലുള്ള തടവുകാരുടെ ആത്മീയകാര്യങ്ങൾ നോക്കുക.**
- ✞ **നൂറനാട് കുഷ്ഠരോഗാശുപത്രിയുടെയും, പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെയും ആത്മീയ കാര്യങ്ങൾ നോക്കുക.**
- ✞ **സഹവൈദികരെ ഉപദേശിക്കുക.**
- ✞ **ആശ്രമത്തിന് ചുറ്റുമുള്ള കോൺവെന്റുകളിൽ പോയി കന്യാസ്ത്രികളെ കുമ്പസാരിപ്പിക്കുക, അവർക്ക് ധ്യാനം നല്കുക**

155. ഫാ. അദെയോദാത്തൂസ് ഏത് ദിവസമാണ് ആഴ്ചതോറും മാനസിക ചികിത്സാ കേന്ദ്രം സന്ദർശിച്ചിരുന്നത്?

**ഞായറാഴ്ച**

156. "*തീക്ഷ്ണമതിയായ പ്രേഷിതവര്യൻ*" എന്ന നിലയിൽ ഫാ. അദെയോദാത്തൂസിന്റെ ഒരു പ്രധാന പ്രവർത്തന കേന്ദ്രം ഏതായിരുന്നു?

**തിരുവനന്തപുരത്തെ സെൻട്രൽ ജയിൽ**

157. 1931 ജനുവരി മുതൽ 1947 വരെ തിരുവനന്തപുരത്ത് പൂജപ്പുര സെൻട്രൽ ജയിലിലെ ആരായിട്ടായിരുന്നു ഫാ. അദെയോദാത്തൂസ് ഒസിഡി പ്രവർത്തിച്ചിരുന്നത്?

**ചാപ്ലയിനായിട്ട്**

158. ഫാ. അദെയോദാത്തൂസ് സേവനം ചെയ്ത കുഷ്ഠരോഗാശുപത്രി ഏതാണ്?

**തിരുവനന്തപുരത്തെ നൂറനാടിലെ കുഷ്ഠരോഗാശുപത്രി.**

159. ഫാ. അദെയോദാത്തൂസ് സേവനത്തിനായി പോയിരുന്ന മാനസികാരോഗ്യകേന്ദ്രം ഏതാണ്?

**തിരുവനന്തപുരത്തെ ഊളമ്പാറയിലെ മാനസികാരോഗ്യകേന്ദ്രം.**

160. ഫാ. അദെയോദാത്തൂസ് ഒസിഡി തിരുവനന്തപുരത്തെ പേരൂർക്കടയ്ക്ക് സമീപമുള്ള ഊളൻപാറ മാനസികാരോഗ്യകേന്ദ്രം സന്ദർശിച്ച കാലഘട്ടം ഏത്?

**1927 മുതൽ 1947 വരെ**

161. അച്ചൻ മലയാളം പഠിക്കുവാൻ ദിവസവും എത്ര സമയം ചെലവാക്കിയിരുന്നു?

**അര മണിക്കൂർ**

162. അദെയോദാത്തൂസച്ചൻ 1947-ൽ മുതിയാവിള കേന്ദ്രമാക്കി മിഷൻ പ്രവർത്തനത്തിന് വരുന്നതിനുമുമ്പ് എത്ര വർഷം കാർമ്മെൽഹിൽ ആശ്രമത്തിൽ സേവനം ചെയ്തു?

**19 വർഷം**

163. തിരുവനന്തപുരം രൂപതയായി സ്ഥാപിച്ച മാർപ്പാപ്പാ ആരാണ്?

**ഒമ്പതാം പീയൂസ് മാർപ്പാപ്പാ**

164. ഏതു അപ്പസ്തോലിക ബൂൾ പ്രകാരമാണ് തിരുവനന്തപുരം രൂപതയായി ഉയർത്തപ്പെട്ടത്?

**ഇൻ ഓറാ മലബാറിക്കാ (Ora Malabarica)**

165. തിരുവനന്തപുരം രൂപത എപ്പോൾ സ്ഥാപിതമായി?

**1937 ജൂലൈ 1**

166. തിരുവനന്തപുരം രൂപതയുടെ ആസ്ഥാനം എവിടെ?

**വെള്ളയമ്പലം ബിഷപ്പ്സ് ഹൗസ്**

167. തിരുവനന്തപുരം രൂപതയുടെ പ്രഥമ ബിഷപ്പ് ആര്?

**അഭിവന്ദ്യ വിൻസെന്റ് വി. ഡെരേരാ പിതാവ്**

168. തിരുവനന്തപുരം രൂപതയുടെ മദ്ധ്യസ്ഥ ആര്?

**വി. കൊച്ചുത്രേസ്യാ**

169. തിരുവനന്തപുരം രൂപതയിൽനിന്നും നെയ്യാറ്റിൻകരയെ പുതിയ രൂപതയായി മാറ്റിയത് ഏതു മാർപ്പാപ്പായാണ്?

**വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ.**

170. ഏത് അപ്പസ്തോലിക ബൂൾ പ്രകാരമാണ് നെയ്യാറ്റിൻകര പുതിയ രൂപതയായത്?

**ആഡ് അജതിയൂസ് പ്രൊവെഹെൻദും (Ad Aptius Provehendum)**

171. എന്നാണ് നെയ്യാറ്റിൻകര രൂപത സ്ഥാപിതമായത്?

**1996 ജൂൺ 14**

172. നെയ്യാറ്റിൻകര രൂപതയുടെ മദ്ധ്യസ്ഥനാര്?

**വിശുദ്ധ ജോസഫ്**

173. നെയ്യാറ്റിൻകര രൂപതയുടെ തിരുനാൾ എന്ന്?

**മേയ് 1**

174. മേയ് 1 ന്റെ പ്രത്യേകത എന്ത്?

**തൊഴിലാളി ദിനം**

175. ആരാണ് നെയ്യാറ്റിൻകര രൂപതയുടെ പ്രഥമ മെത്രാൻ?

**അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവ്**

176. നെയ്യാറ്റിൻകര രൂപതയുടെ പ്രഥമ വികാരി ജനറാൾ ആരാണ്?

**റവ. മോൺ. എസ്. തോമസ്**

177. തിരുവനന്തപുരം രൂപത അതിരൂപതയായി ഉയർത്തിയ മാർപ്പാപ്പാ ആരാണ്?

**വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ**

178. എന്നാണ് തിരുവനന്തപുരം രൂപത അതിരൂപതയായി ഉയർത്തപ്പെട്ടത്?

**2004 ജൂൺ 17**

179. ഏതെല്ലാം രൂപതകളാണ് തിരുവനന്തപുരം അതിരൂപതയിൽ ഉൾപ്പെടുന്നത്?.

**കൊല്ലം, ആലപ്പുഴ, നെയ്യാറ്റിൻകര, പുനലൂർ**

180. ആരാണ് തിരുവനന്തപുരം അതിരൂപതയുടെ ആദ്യത്തെ ആർച്ചുബിഷപ്പ്?

**അഭിവന്ദ്യ മരിയ കാലിസ്റ്റ് സൂസാപാക്യം**

181. സൂസാപാക്യം തിരുമേനി എന്നാണ് വിശ്രമജീവിതത്തിലേയ്ക്ക് പ്രവേശിച്ചത്?

**2022 ഫെബ്രുവരി 2**

182. അലോഷ്യസ് മരിയ ബെൻസിഗർ പിതാവ് വിശ്രമജീവിതത്തിനായി എവിടെയാണ് എത്തിച്ചേർന്നത്?

**തിരുവനന്തപുരം കാർമ്മെൽഹിൽ ആശ്രമത്തിൽ**

183. ബെൻസിഗർ പിതാവിന്റെ കുമ്പസാരക്കാരൻ ആരായിരുന്നു?

**ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.**

184. വിദേശ മിഷണറിമാർ തങ്ങളുടെ സ്വന്തം നാട്ടിലേയ്ക്ക് പോയത് ഏതു വർഷം?

**1947**

185. യൂറോപ്യൻ നിഷ്പാദുക കർമ്മെലീത്താ മിഷനറിമാർ ഭാരത നിഷ്പാദുക കർമ്മെലീത്താസഭയെ ഭരണം ഏല്പിച്ചത് എപ്പോൾ?

**1946 ജനുവരി 21**

186. മലബാർ സെമി പ്രോവിൻസ് സ്വതന്ത്രമായ ഒരു യൂണിറ്റായി നിലവിൽ വന്നത് എപ്പോൾ?

**1947 ജനുവരി 21**

187. മലബാർ സെമി പ്രോവിൻസ് സ്വതന്ത്രയൂണിറ്റായപ്പോൾ ഇന്ത്യയിൽ തന്നെ ചെല

വിടുവാൻ തീരുമാനിച്ച രണ്ടു വിദേശ കർമ്മെലീത്താ മിഷനറിമാർ ആരെല്ലാമാണ്?

✞ **റവ. ഫാ. ലൂക്കാസ് ഒസിഡി**

✞ **റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

188. ഫാ. ലൂക്കാസ് ഒസിഡി ഏത് സ്ഥലത്തെ ആശ്രമസ്ഥാപനത്തിനായിട്ടാണ് പോയത്?

**ഗോവാ**

189. മുതിയാവിള സെന്റ് ആർബർട്ട്സ് ദൈവാലയത്തിന്റെ ഷെഡ് നിർമ്മിച്ചത് എപ്പോൾ?

**1911**

190. ഏതു വൈദികനാണ് മുതിയാവിള പള്ളിഷെഡിൽ ആദ്യമായി ദിവ്യബലിയർപ്പിച്ചത്?

**റവ. ഫാദർ ജോൺ ഡമീഷൻ ഒ.സി.ഡി.**

191. മുതിയാവിള സെന്റ് ആൽബർട്ട്സ് ദൈവാലയം നിർമ്മിക്കുവാൻ അനുവാദം നല്കിയ പിതാവ് ആര്?

**അലോഷ്യസ് മരിയ ബെൻസിഗർ പിതാവ്**

192. മുതിയാവിള സെന്റ് ആൽബർട്ട്സ് ദൈവാലയത്തെ ഫൊറോനാപ്പള്ളിയായി പ്രഖ്യാപിച്ചത് ഏത് പിതാവാണ്?

**നെയ്യാറ്റിൻകര രൂപതാ മെത്രാൻ അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവ്**

193. മുതിയവിള സെന്റ് ആൽബർട്ട്സ് ദൈവാലയത്തെ ഫൊറോനാപള്ളിയായി പ്രഖ്യാപിച്ചത് എന്ന്?

**2013 മേയ് 1**

194. ഏതു വൈദികനെയാണ് മുതിയാവിള സെന്റ് ആൽബർട്ട്സ് ദൈവാലയത്തിന്റെ പണികൾ നടത്തുവാൻ ചുമതലപ്പെടുത്തിയത്?

**റവ. ഫാദർ ബ്രൊക്കാർഡ് ഒ.സി.ഡി.**

195. മുതിയാവിള സെന്റ് ആൽബർട്ട്സ് ദൈവാലയത്തിന്റെ ആശീർവ്വാദകർമ്മം എപ്പോൾ നടന്നു?

**1917**

196. ഏതു വർഷമാണ് മുതിയാവിള വികാരിയായി അലോഷ്യസ് മരിയ ബെൻസിഗർ പിതാവ് റവ. ഫാ. ഇൽഡാഫോൺസ് ഒ.സി.ഡി.യെ നിയമിച്ചത്?

**1918**

197. ഫാ. ജോൺ ഡമഷീൻ ഒസിഡി എന്ന കർമ്മെലീത്താ മിഷനറി ഏതു സ്ഥലം കേന്ദ്രമാക്കിയായിരുന്നു പ്രവർത്തിച്ചിരുന്നത്?

**നെയ്യാറ്റിൻകര**

198. ഫാ. ഇൽഡാഫോൺസ് ഒസിഡി ഏതു സ്ഥലം കേന്ദ്രമാക്കിയായിരുന്നു പ്രവർത്തിച്ചിരുന്നത്?

**മുതിയാവിള**

199. വെരി. റവ. ഫാ. ഇൽഡാഫോൺസ് ഒ.സി.ഡി. മുതിയാവിള സെന്റ് ആൽബർട്ട്സ്

ദൈവാലയത്തിൽ സേവനം ചെയ്ത അവസരത്തിൽ മുതിയാവിള ഇടവകയിൽ അദ്ദേഹം എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്? അവ ചുരുക്കി എഴുതുക?

- ✟ **പള്ളിമേട നിർമ്മിച്ചു.**
- ✟ **ഇപ്പോൾ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നെടുമങ്ങാട് താലൂക്കിലെ 44 പള്ളികളുടെ രേഖകളും, കേസ്സു കെട്ടുകൾ സൂക്ഷിക്കുവാനും 44 അറകൾ ഉള്ള അലമാര പള്ളികാര്യാല യത്തിൽ സൂക്ഷിച്ചിരുന്നു.**
- ✟ **പള്ളിയുള്ള സ്ഥലങ്ങളിൽ ഓരോ അന്തിച്ചന്തയും പ്രൈമറി സ്കൂളും ആരം ഭിച്ചു.**
- ✟ **ആദ്യം പള്ളിമേടയിലാണ് സ്കൂൾ ആരംഭിച്ചത്.**

200. ഏതു വർഷമാണ് വെരി. റവ. ഫാദർ ഇൽഡാഫോൺസ് ഒ.സി.ഡി. പാളയം വികാരിയായത്?

**1928.**

201. റവ. ഫാദർ അർനോൾഡ് ഒ.സി.ഡി. മുതിയാവിള ഇടവക വികാരിയായത് എപ്പോൾ?

**1928**

202. റവ. ഫാദർ ഡോമിനിക് ഒ.സി.ഡി. മുതിയാവിള ഇടവക വികാരിയായത് എപ്പോൾ?

**1936**

203. ഡോമിനിക്ക് അച്ചന്റെ കൂടെ കള്ളിക്കാട്, കൊളവുപാറ എന്നീ പള്ളികളിലെ ഉപ ദേശി ആരായിരുന്നു?

**ശ്രീ. ശബരിമുത്തൻ ഉപദേശി**

204. കണ്ടംതിട്ടയിലെ കർഷകർ ഏതു പള്ളിയിലേയ്ക്കാണ് നടന്നു പോയി ദിവ്യബലി യിൽ പങ്കെടുത്തിരുന്നത്?

**മുതിയാവിള വി. ആൽബർട്ട്സ് ദൈവാലയത്തിലേയ്ക്ക്**

205. കണ്ടംതിട്ടയിൽ ദിവ്യബലി അർപ്പിക്കാൻ ഒരു ഷെഡ് പണിതതിന് നേതൃത്വം നല്കിയ വൈദികൻ ആരായിരുന്നു?

**റവ. ഫാ. ഡോമിനിക് ഒസിഡി**

206. മുതിയാവിളയിൽ നിന്നും പിരിഞ്ഞുപോകുന്ന ഡോമിനിക്ക് അച്ചനെ പാങ്ങോട് ആശ്രമത്തിൽ കാളവണ്ടിയിൽ എത്തിച്ചത് ആരായിരുന്നു?

**ശ്രീ. കെ. ശബരിമുത്തൻ ഉപദേശി**

207. റവ. ഫാദർ ഡോമിനിക് ഒ.സി.ഡി. സ്വദേശത്ത് പോയപ്പോൾ മുതിയാവിളയിലേയ്ക്ക് പകരം വന്ന വൈദികനാര്?

**റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

208. പാങ്ങോട് ആശ്രമത്തിൽ നിന്നും ഫാ. അദെയോദാത്തൂസ് മുതിയാവിളയിലേയ്ക്ക് ആദ്യമായി വരാൻ ഉപയോഗിച്ച വാഹനം ഏതായിരുന്നു?

**വില്ലുവണ്ടി**

209. റവ. ഫാദർ ഡോമിനിക് ഒ.സി.ഡി. സ്വദേശത്തു നിന്നും മുതിയാവിള ഇടവകയിൽ

സേവനം ചെയ്തതിന് ശേഷം എപ്പോൾ ആണ് സ്വദേശത്തേയ്ക്ക് തിരിച്ചുപോയത്?

**1946**

210. വിദേശിയരായ കർമ്മെലീത്താ മിഷനറിമാർ സ്വന്തം നാട്ടിലേയ്ക്ക് മടങ്ങിപ്പോയ വർഷം ഏതാണ്?

**1947**

211. അദെയോദാത്തൂസച്ചൻ ഏതു വർഷമാണ് മുതിയാവിള വികാരിയായി വന്നത്?

**1946 സെപ്തംബർ 1**

212. ഫാ. അദെയോദാത്തൂസ് ഒസിഡി എത്ര വയസ്സിലാണ് അബ്രാഹത്തെപ്പോലെ മിഷനറി പ്രവർത്തനങ്ങൾക്ക് ഇറങ്ങിപ്പുറപ്പെട്ടത്?

**50-ാമത്തെ വയസ്സിൽ**

213. അദെയോദാത്തൂസച്ചനെ മുതിയാവിള വികാരിയായി പ്രവർത്തിക്കുവാൻ അനുവാദം നല്കിയ പിതാവ് ആര്?

**അഭിവന്ദ്യ വിൻസെന്റ് വി. ഡെരേരാ പിതാവ്**

214. മുതിയാവിളയിൽ പ്രവർത്തിച്ചിരുന്ന ഏതു കർമ്മെലീത്താ മിഷനറിയ്ക്കു പകരമായിട്ടായിരുന്നു ഫാ. അദെയോദാത്തൂസച്ചനെ അഭിവന്ദ്യ ഡെരേരാ പിതാവ് നിയമിച്ചത്?

**യൂറോപ്പിലേയ്ക്കു പോയ റവ. ഫാ. ഡോമിനിക് ഒസിഡിയ്ക്കു പകരം.**

215. മുതിയാവിള കേന്ദ്രമാക്കി ഫാ. അദെയോദാത്തൂസ് ഒസിഡി എത്ര വർഷമാണ് പ്രവർത്തിച്ചത്?

**22 വർഷങ്ങൾ.**

216. റവ. ഫാ. അദെയോദാത്തൂസ് മുതിയാവിള കേന്ദ്രമാക്കി പ്രേഷിത പ്രവർത്തനം നടത്തിയ കാലഘട്ടം പറയാമോ?

**1946–1968**

217. മുതിയാവിള പള്ളിയുടെ കീഴിൽ എത്ര സബ്സ്റ്റേഷനുകൾ (ചെറിയ പള്ളികൾ) ഉണ്ടായിരുന്നു?

**ഏതാണ്ട് ഇരുപതോളം പള്ളികൾ.**

218. കുഞ്ഞുങ്ങളെയും യുവാക്കളെയും കാണുമ്പോൾ ഫാ. അദെയോദാത്തൂസിന്റെ വാത്സല്യം നിറഞ്ഞ വിളി എന്തായിരുന്നു?

***"കൊച്ചുമക്കളേ".***

219. ഫാ. അദെയോദാത്തൂസ് തന്റെ പ്രസംഗങ്ങളിലൂടെ കൊച്ചുകുട്ടികളോട് ചോദിക്കുന്നതും അതിന്റെ ഉത്തരവും എന്താണ്?

***"കൊച്ചുമക്കളേ, ആരാണ് ഹൃദയത്തിൽ വസിക്കുന്നത്? ഈശോ....ഈശോ..... ഈശോ..... ഓർമ്മവേണം കേട്ടോ".***

220. ഫാ. അദെയോദാത്തൂസ് നരകത്തിലെ അഗ്നിയെ സൂചിപ്പിക്കുന്നതിന് പറയുന്ന ഉപമ എന്തായിരുന്നു?

**കത്തുന്ന മെഴുകുതിരിയിൽ കൈകാണിക്കുക.**

221. "*മക്കളേ, വി. കുർബ്ബാന അപ്പമോ റൊട്ടിയോ*" എന്ന് വല്യച്ചൻ കുട്ടികളോട് ചോദിക്കുമ്പോൾ "*ഈശോ*" എന്ന് കുട്ടികൾ പറഞ്ഞാൽ വല്യച്ചൻ പറഞ്ഞിരുന്ന ഉത്തരം എന്തായിരുന്നു?

***"മക്കളേ, ഈശോ ആണ്, ഈശോ"***

222. പഴയനിയമത്തിലെ ആരുടെ പ്രതീതി ജനിപ്പിക്കുന്ന മട്ടും ഭാവവുമായിരുന്നു ഫാദർ അദെയോദാത്തൂസിന്റേത്?

**മോശയുടെയോ ഏലിയാ പ്രവാചകന്റെയോ.**

223. ശ്രീ. ശബരിമുത്തൻ ഉപദേശി ഫാ. അദെയോദാത്തൂസിനെ കാണുന്നത് ഏതു വർഷത്തിലാണ്?

**1946 സെപ്തംബർ 17ന്**

224. വല്യച്ചന്റെ കൂടെ 22 വർഷവും ഉപദേശിയായിരുന്നത് ആരായിരുന്നു?

**ശ്രീ. കെ. ശബരിമുത്തൻ ഉപദേശി**

225. ഫാ. അദെയോദാത്തൂസിനോടൊപ്പം പ്രവർത്തിച്ചിരുന്ന ശ്രീ. കെ. ശബരിമുത്തൻ ഉപദേശിയുടെ മകന്റെ പേര്?

**ആൽബർട്ട്**

226. വല്യച്ചന്റെ ആദ്യത്തെ അസിസ്റ്റന്റ്?

**റവ. മോൺ. എസ്. തോമസ്**

227. റവ. മോൺ. എസ്. തോമസ് ഏതെല്ലാം രൂപതകളുടെ വികാരി ജനറാളായി ജോലി ചെയ്തിട്ടുണ്ട്?

**തിരുവനന്തപുരം, നെയ്യാറ്റിൻകര**

228. "*മുതിയാവിള വല്യച്ചൻ*" എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന വൈദികൻ ആര്?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

229. വല്യച്ചൻ പ്രേഷിത പ്രവർത്തനം നടത്തിയ സ്ഥലങ്ങൾ പറയാമോ?

**മുതിയാവിള, തൂങ്ങാംപാറ, കൊളവുപാറ, കള്ളിക്കാട്, മുകുന്ദറ, ചെട്ടിക്കുന്ന്, ചെമ്പനാംകോട്, അമ്പൂരി, മായം, തേക്കുപാറ എന്നീ പ്രദേശങ്ങൾ.**

230. അദെയോദാത്തൂസച്ചനും ഉപദേശിയും 10 കുട്ടികളും കാട്ടിലൂടെ ഏത് സ്ഥലത്തേയ്ക്കാണ് പോയത്?

**കണ്ടംതിട്ട**

231. അദെയോദാത്തൂസച്ചനും ഉപദേശിയും കുട്ടികളും കണ്ടംതിട്ട കഴിഞ്ഞു പോയ സ്ഥലങ്ങൾ ഏതെല്ലാമാണ്?

**കരുമംകുളം, മായം, അമ്പൂരി**

232. നെടുമങ്ങാട് (ഇപ്പോൾ കാട്ടാക്കട താലൂക്ക്) താലൂക്കിലെ ആദ്യ കത്തോലിക്കാ ദൈവാലയം ഏത്?

**സെന്റ് ആൽബർട്ട്സ് ദൈവാലയം, മുതിയാവിള**

233. വിശുദ്ധ ആൽബർട്ടിന്റെ നാമത്തിൽ ഇന്ത്യയിൽ ആദ്യമായി സ്ഥാപിച്ച ദൈവാലയം ഏത്?

**സെന്റ് ആൽബർട്ട്സ് ദൈവാലയം, മുതിയാവിള**

234. ദൈവദാസൻ ഫാദർ അദെയോദാത്തൂസച്ചൻ സേവനമനുഷ്ഠിച്ചിരുന്ന സഹ്യപർവ്വ തങ്ങളിലെ രണ്ടു കേന്ദ്രങ്ങൾ?

**മായം, അമ്പൂരി**

235. ഏത് ദേശത്തുള്ളവരാണ് മായം, അമ്പൂരി തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിയി രുന്നത്?

**തൊടുപുഴ, മീനച്ചിൽ, ചങ്ങനാശ്ശേരി**

236. കോട്ടയം ജില്ലയിൽ നിന്നും കുടിയേറ്റ കർഷകർ മായം, അമ്പൂരി പ്രദേശത്ത് എത്തിയ വർഷം ഏതായിരുന്നു?

**1930**

237. നെയ്യാറ്റിൻകരയിലെ കുടിയേറ്റ മേഖലകളായ അമ്പൂരി, മായം എന്നിവിടങ്ങളിൽ പടർന്നു പിടിച്ചിരുന്ന രണ്ടു രോഗങ്ങൾ ഏതെല്ലാമായിരുന്നു?

**മലമ്പനിയും മലേറിയായും**

238. മിഷൻ പ്രവർത്തനം എന്നത് "*കേവലം മതബോധനം മാത്രമല്ല മഹത്തായ മനു ഷ്യസേവനവും കൂടിയാണ്*" എന്നു പഠിപ്പിച്ച മനുഷ്യസ്നേഹിയായ മിഷനറിയുടെ പേര് എന്താണ്?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

239. ഫാ. അദെയോദാത്തൂസിന്റെ രൂപവും വേഷവും കയ്യിൽ കരുതാറുള്ള സാധന ങ്ങളും എന്താണെന്നു പറയാമോ?

**നീണ്ടു നരച്ച താടി, മുഖത്ത് വട്ടക്കണ്ണാടി, തവിട്ടു നിറത്തിലുള്ള ളോഹ, ഗാംഭീ ര്യമുള്ള മുഖഭാവം, മറ്റുള്ളവരുടെ മനസ്സിലേയ്ക്ക് ചുഴ്ന്നിറങ്ങുന്ന കണ്ണുകൾ, ആവശ്യക്കാർക്ക് നല്കാനുള്ള സാധനങ്ങളും, കുടിക്കാനുള്ള വെള്ളവും ഉൾക്കൊള്ളുന്ന ഭാരമുള്ള വലിയ ഭാണ്ഡം, കൈയിലൊരു വടി എന്നിവ.**

240. ഫാ. അദെയോദാത്തൂസ് മിഷനറി പ്രദേശങ്ങളിൽ കൂടുതലും സഞ്ചരിച്ചിരുന്നത് എപ്രകാരമായിരുന്നു?

**കാൽനടയായും, സൈക്കിളിലും.**

241. വല്യച്ചൻ ഉപയോഗിച്ചിരുന്ന ബ്രിട്ടീഷ് സൈക്കിളിന്റെ പേര് എന്താണ്?

**MILNER**

242. ആരുടെ പ്രിയസുഹൃത്തായിരുന്നു ഫാ. അദെയോദാത്തൂസ് എന്ന വല്യച്ചൻ?

**കുട്ടികളുടെ**

243. സുവിശേഷഭാഗ്യങ്ങൾ ആദ്യം പറഞ്ഞ പെൺകുട്ടിക്ക് വല്യച്ചൻ നല്കിയ സമ്മാനം എന്തായിരുന്നു?

**ഒരു പിടി നെല്ലിക്കാ**

244. പ്രിയ സ്നേഹിതരേ....

ദൈവം നമ്മെ ഒരിക്കലും പരീക്ഷിക്കുകയില്ല. പിതാവായ ദൈവം നമ്മളിൽ സ്നേഹം മാത്രമേ ചൊരിയുകയുള്ളു. സുഖത്തിലും ദുഃഖത്തിലും അവിടുന്ന് നമ്മോട് കൂടി ഉണ്ടായിരിക്കും. ആകയാൽ നാം ദൈവത്തെ അനന്തമായി സ്നേഹി

ക്കണം. എന്നാൽ നമ്മുടെ ദുഃഖങ്ങൾ സന്തോഷത്തോടെ സഹിക്കുവാൻ നമുക്കു കഴിയുമെന്ന് ഉപദേശിമാരെ പഠിപ്പിച്ച വൈദികൻ ആരാണ്?

**ദൈവദാസൻ റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

245. സന്യാസജീവിതത്തിൽ ദിനംപ്രതി അനുഭവിക്കേണ്ടിവരുന്ന വേദനകളെകുറിച്ച് ചിന്താകുലരാകാതെ സഹിക്കുവാൻ മാതൃകകാണിച്ച വിശുദ്ധ കൊച്ചുത്രേസ്യായെ അനുകരിക്കണമെന്ന് ധ്യാനങ്ങളിൽ കന്യാസ്ത്രീകളെ പഠിപ്പിച്ച വൈദികൻ ആരാണ്?

**റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

246. ഫാ. അദെയോദാത്തൂസിന്റെ കാലഘട്ടത്തിൽ യൂറോപ്യൻ മിഷനറിമാരിൽ ഏറ്റവും നന്നായി മലയാളം സംസാരിച്ചിരുന്ന മിഷനറി വൈദികൻ ആരായിരുന്നു?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

247. അമ്പൂരിയിലെ വിശ്വാസസമൂഹം ഫാ. അദെയോദാത്തൂസിനെ വിളിച്ചിരുന്നത് എന്തായിരുന്നു?

**ദൈവദൂതൻ, പുണ്യാളനച്ചൻ, മുതിയാവിള വല്യച്ചൻ, തലമുറകളുടെ സംരക്ഷകൻ**

248. ജ്ഞാനസ്നാനം സ്വീകരിച്ചവരെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാനും, അവരെ ദിവ്യബലിയ്ക്ക് മുമ്പ് കുമ്പസാരിപ്പിച്ചു ഒരുക്കുവാനും, രോഗികളുടെ വ്രണങ്ങൾ കഴുകി മരുന്നുവച്ചുകെട്ടി സുഖപ്പെടുത്തിയ കർമ്മെലീത്താ വൈദികൻ ആരായിരുന്നു?

**റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

249. അദെയോദാത്തൂസച്ചന്റെ പ്രസംഗങ്ങളിൽനിന്നും ഏറ്റവും കൂടുതൽ പ്രാവശ്യം ഉദ്ധരിച്ചിട്ടുള്ളത് ഏത് സുവിശേഷത്തിൽ നിന്നാണ്?

**വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽനിന്ന്**

250. അദെയോദാത്തൂസച്ചന്റെ സുവിശേഷത്തിൽനിന്നുള്ള പ്രസംഗങ്ങളെ സ്നേഹം എന്ന വാക്കിന് അദെയോദാത്തൂസച്ചൻ ധ്യാനപ്രസംഗങ്ങളിൽ നല്കിയ നിർവ്വചനം എന്താണ്?

**നല്ല മനസ്സ്**

251. കണ്ടംതിട്ടയിൽ ഭവന സന്ദർശനം നടത്തിയവർ ആരൊക്കെയായിരുന്നു?

**അദെയോദാത്തൂസ് അച്ചനും, ശബരിമുത്തൻ, ലാസർ എന്നീ ഉപദേശിമാരും, ജ്ഞാനമുത്തനും**

252. ഫാ. അദെയോദാത്തൂസ് ഭവനസന്ദർശനത്തിന് എന്തൊക്കെയായിരുന്നു കൂടെ കൊണ്ടു പോയിരുന്നത്?

**കുരിശ്, തീർത്ഥവെള്ളം, പ്രാർത്ഥനാപുസ്തകം**

253. പാലയ്യൻ മേസ്തിരി നല്കിയ തരിശുനിലത്തിൽ ഫാ. അദെയോദാത്തൂസ് പണിത പള്ളിയുടെ പേരെന്താണ്?

**സെന്റ് ജോസഫ്സ് പള്ളി**

254. ദൈവദാസൻ ഫാദർ അദെയോദാത്തൂസച്ചന്റെ ആദ്യത്തെ അസിസ്റ്റന്റ് വികാരിയും മുതിയാവിള ഇടവകയിൽ സാമൂഹ്യപ്രവർത്തനത്തിന് തുടക്കം കുറിച്ച വൈദി

കനും ആരാണ്?

**വെരി. റവ. മോൺ. എസ്. തോമസ്**

255. മോൺ. എസ്. തോമസ് ഏതെല്ലാം രൂപതകളിൽ വികാരി ജനറാളായി സേവനം ചെയ്തിട്ടുണ്ട്?

**തിരുവനന്തപുരം, നെയ്യാറ്റിൻകര രൂപതകളിൽ**

256. ദൈവദാസൻ ഫാദർ അദെയോദാത്തൂസച്ചന്റെ കീഴിൽ മുതിയാവിള ഇടവകയിലെ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്ത വൈദികർ ആരൊക്കെയായിരുന്നു?

**5 വൈദികർ സേവനം ചെയ്തിട്ടുണ്ട്.**

- ✞ **റവ. മോൺ. എസ്. തോമസ്**
- ✞ **റവ. ഫാദർ മാർട്ടിൻ ഫെർണാണ്ടസ്**
- ✞ **റവ. ഫാദർ സി. മൈക്കിൾ**
- ✞ **റവ. ഫാദർ ജി. സ്റ്റീഫൻ**
- ✞ **റവ. ഫാദർ റ്റി. ജെയിംസ്**

257. നെയ്യാറ്റിൻകര താലൂക്കിന്റെ വടക്കുകിഴക്കുള്ള ഏതെല്ലാം ഇടവകകളിലാണ് ഫാ. അദെയോദാത്തൂസ് സേവനമനുഷ്ഠിച്ചിരുന്നത്?

**മുതിയാവിള, അമ്പൂരി**

258. ഫാ. അദെയോദാത്തൂസ് അറിയപ്പെടുന്ന ഓമനപ്പേര് എന്തായിരുന്നു?

**മുതിയാവിള വല്യച്ചൻ**

259. ഫാ. അദെയോദാത്തൂസിനെ "*മുതിയാവിള വല്യച്ചൻ*" എന്നറിയപ്പെടാൻ കാരണം എന്തുകൊണ്ടാണ്?

- ✞ **പ്രവർത്തനകേന്ദ്രമായിരുന്ന മുതിയാവിളയിൽ താമസിച്ചതുകൊണ്ട്;**
- ✞ **അദ്ദേഹത്തിന്റെ കൂടെ പ്രായം കുറഞ്ഞ സഹവികാരിമാർ ഉണ്ടായിരുന്നതു കൊണ്ട്.**

260. വല്യച്ചന്റെ ശ്രമഫലമായി മുതിയാവിളയിൽ മഠം സ്ഥാപിച്ച വർഷം ഏത്?

**1967**

261. മായം, അമ്പൂരി പ്രദേശങ്ങളിലെ കൊച്ചുകുട്ടികൾ സ്നേഹപൂർവ്വം വിളിക്കുന്ന പേര് എന്താണ്?

**ചുമടുതാങ്ങി മൂപ്പനച്ചൻ**

262. സ്വർഗ്ഗത്തിൽ നിന്നും അയയ്ക്കപ്പെട്ട ദൂതനെപ്പോലെ അമ്പൂരി, മായം പ്രദേശങ്ങളിൽ എത്തിയ മിഷനറി ആരാണ്?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

263. ആരുടെ പ്രാർത്ഥനയ്ക്കുശേഷമാണ് അമ്പൂരി, മായം പ്രദേശങ്ങളിൽ കുട്ടികൾ വാഴാൻ തുടങ്ങിയത്?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

264. മുതിയാവിളയിൽനിന്നും എത്ര ദൂരം നടന്നാണ് വല്യച്ചൻ അമ്പൂരി, മായം പ്രദേശത്ത് എത്തിയിരുന്നത്?

**ഏകദേശം 13 മൈൽ**

265. വല്യച്ചനെ ദൂരെ വച്ചുകാണുമ്പോൾ പട്ടികൾ കുരയ്ക്കുകയും ഓലിയിടുകയും ചെയ്യുമ്പോൾ മുതിർന്നവർ പറയുന്നതെന്ത്?

**പിശാചുക്കൾ പേടിച്ച് ഓടുന്നതാണെന്ന്.**

266. അമ്പൂരിയിലെ സെന്റ് ജോർജ്ജ് പള്ളി സ്ഥാപിച്ചത് ആരായിരുന്നു?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

267. അമ്പൂരിയിലെ സെന്റ് ജോർജ്ജ് ദൈവാലയത്തിന്റെ ആദ്യത്തെ വികാരി ആരായിരുന്നു?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

268. അമ്പൂരിമഠത്തിലെ ആദ്യകാലത്തെ കുമ്പസാരക്കാരനായിരുന്ന വൈദികൻ ആരായിരുന്നു?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

269. 1965 കാലഘട്ടത്തിൽ പാങ്ങോട് ആശ്രമത്തിലെ ആത്മീയ പിതാവ് ആരായിരുന്നു?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

270. വല്യച്ചൻ ദൂരയാത്രകളിൽ സഞ്ചരിക്കുമ്പോൾ സാധാരണ തോളിൽ എന്ത് ഉണ്ടായിരിക്കും?

**വലിയ ഭാണ്ഡം (മിലിട്ടറി ബാഗ്).**

271. വല്യച്ചന്റെ ഭാണ്ഡത്തിൽ എന്തെല്ലാം സാധനങ്ങൾ ഉണ്ടായിരിക്കും?

**വിശുദ്ധ കുർബ്ബാനയ്ക്കുള്ള പുസ്തകങ്ങൾ, വിശുദ്ധ തൈലം, കുട്ടികൾക്കു ആവശ്യമുള്ള പേന, മഷി, നോട്ടുബുക്ക്, വസ്ത്രം, രോഗികളുടെ വ്രണങ്ങൾ കഴുകി മരുന്നുവച്ചുകൊടുക്കുന്നതിനുള്ള മരുന്നുകൾ, കൂടാതെ വീട്ടുകാർ ആവശ്യപ്പെടുന്ന സാധനങ്ങൾ ഇവ ഓരോ അറയിലും വച്ചുകൊണ്ടുപോയിരുന്നു.**

272. മായം, അമ്പൂരി പ്രദേശങ്ങളിൽ മുതിയാവിള വല്യച്ചൻ സഞ്ചരിച്ച വഴികൾ എങ്ങനെയായിരുന്നു?

**കല്ലും മുള്ളും നിറഞ്ഞ കുന്നും മലയും, കൊടുങ്കാടും, വന്യമൃഗങ്ങളും, ഉഗ്രൻ വിഷമുള്ള ഇഴജന്തുക്കളും നിറഞ്ഞതായിരുന്നു.**

273. ഈ ദുർഘട വഴിയിലൂടെ മുതിയാവിള വല്യച്ചൻ എങ്ങനെയാണ് സഞ്ചരിച്ചിരുന്നത്?

**ഒരു കൈയ്യിൽ വളഞ്ഞ ചൂരൽവടികൊണ്ട് കാടു തെളിച്ച് പരിശുദ്ധ ജപമാല ഉരുവിട്ടുകൊണ്ട് സഞ്ചരിച്ചിരുന്നത്.**

274. നെയ്യാറ്റിൻകരയുടെ മലയോരമേഖലകളിൽ പ്രത്യേകിച്ച് മുതിയാവിള മുതൽ കണ്ടംതിട്ടവരെ പ്രവർത്തിച്ച "*ആടുകളുടെ ഗന്ധമുള്ള ഇടയൻ*" ആര്?

**ഫാ. അദെയോദാത്തൂസ് ഒസിഡി**

275. ഈശോയുടെ ജീവിതം മുഴുവൻ നോക്കിയാൽ എപ്രകാരമുള്ള ശുശ്രൂഷയായിരുന്നു കൂടുതൽ കാണുക?.

**സാമൂഹികശുശ്രൂഷ**

276. കാടുകളിലൂടെ സഞ്ചരിക്കുമ്പോൾ വന്യമൃഗങ്ങളെയും ഉഗ്രൻ ഇഴജന്തുക്കളെയും കാണുമ്പോൾ അദെയോദാത്തൂസച്ചൻ എന്താണ് പ്രാർത്ഥിച്ചിരുന്നത്?

**ഉത്തരീയം തന്നവളേ....**<br>**ഉലഹത്തിൻ മാമരിയേ....**<br>**അടിമയുടെ ആദരവേ....**<br>**ഈ ദുഷ്ടമൃഗത്തിന്റെ വായ്കെട്ട്**

**എന്ന് ഉച്ചത്തിൽ പ്രാർത്ഥിച്ചിരുന്നു.**

277. അദെയോദാത്തൂസച്ചന്റെ ഉച്ചത്തിലുള്ള പ്രാർത്ഥന കേൾക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്?

**വന്യമൃഗങ്ങളും ഉഗ്രൻ ഇഴജന്തുക്കളും വഴിമാറിക്കൊടുക്കുകയും, ഉദ്ദേശിക്കുന്ന സ്ഥലത്തുള്ള വീട്ടിൽ എത്തി ദിവ്യബലിയർപ്പിക്കുകയും ചെയ്തിരുന്നു.**

278. "*വെറുതേ ഇരുന്നാൽ തുരുമ്പു പിടിക്കും*" എന്ന് സഹവൈദികരോട് പറഞ്ഞ വൈദികൻ ആര്?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

279. കാടുകളിൽ കഴിഞ്ഞിരുന്ന കാണിക്കാർ മുതിയാവിള വല്യച്ചനെക്കുറിച്ച് നാട്ടുകാരോട് പറഞ്ഞതെന്താണ്?

***"നിങ്ങളുടെ പാതിരി വന്നതിനുശേഷം ഞങ്ങളുടെ ദൈവങ്ങളുടെ ശക്തി കുറഞ്ഞിരിക്കുന്നു".***

280. രാത്രിയായാൽ ആരോ വന്നു വാതിലിൽ ചവിട്ടുന്ന സ്വരം കേൾക്കുന്നത് ഇല്ലാതായത് വല്യച്ചൻ പ്രാർത്ഥിച്ചു തീർത്ഥജലം തളിച്ചതിനായിരുന്നല്ലോ. ഇത് സംഭവിച്ചത് ഏതു സ്ഥലത്തെ വീട്ടിൽ വച്ച്?

**മായം**

281. മായം, അമ്പൂരി എന്നീ പ്രദേശങ്ങളിൽ പുല്ലുമേഞ്ഞ ഷെഡുകൾ നിർമ്മിക്കുന്നതിന് മുമ്പ് മുതിയാവിള വല്യച്ചൻ ദിവ്യബലിയർപ്പിക്കുന്നത് എങ്ങനെയാണ്?

**ഓരോ തവണ ഓരോ വീട് തിരഞ്ഞെടുത്തു ദിവ്യബലിയർപ്പിക്കും.**

282. ഏതെല്ലാം പ്രദേശങ്ങളിലാണ് മുതിയാവിള വല്യച്ചൻ പുല്ലുമേഞ്ഞ ഷെഡുകൾ ആരാധനയ്ക്കുവേണ്ടി ആദ്യം നിർമ്മിച്ചത്?

**മായം, അമ്പൂരി**

283. മായം, അമ്പൂരി തുടങ്ങിയ ദൈവാലയത്തെ എപ്പോഴാണ് ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് വിട്ടുകൊടുത്തത്?

**30.01.1954**

284. മായം, അമ്പൂരി പ്രദേശങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് വിട്ടുകൊടുത്തപ്പോൾ വികാരി ആരായിരുന്നു?

**വെരി. റവ. ഫാദർ ജോസഫ് മാലിപ്പറമ്പിൽ**

285. വി. കൊച്ചുത്രേസ്യായുടെ പേരിലുള്ള കുഞ്ഞുമിഷനറി എന്ന പ്രേഷിത സംരംഭത്തിന്റെ സ്ഥാപകൻ ആരാണ്?

**വെരി. റവ. ഫാദർ ജോസഫ് മാലിപ്പറമ്പിൽ**

286. വെരി. റവ. ജോസഫ് മാലിപ്പറമ്പിലിനെ മായം, അമ്പൂരി തുടങ്ങിയ ദൈവാലയങ്ങളുടെ ചുമതലകൾ ഏല്പിച്ചതിനുശേഷവും മുതിയാവിള വല്യച്ചൻ എന്താവശ്യത്തിനായിട്ടാണ് അവിടെ പോയിരുന്നത്?

**കന്യാസ്ത്രി മഠങ്ങളിൽ കുമ്പസാരം കേൾക്കാൻ**

287. വെരി. റവ. ഫാദർ ജോസഫ് മാലിപ്പറമ്പിൽ വഹിച്ചിരുന്ന പദവികൾ ഏതൊക്കെയായിരുന്നു?

- ✞ **കുഞ്ഞുമിഷനറി സ്ഥാപകൻ**
- ✞ **ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലെ ആത്മീയ പിതാവ്**
- ✞ **ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാൾ**

288. ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒന്നിച്ച് ഒരേദിവസം സെമിനാരിയിൽ അയച്ചു പഠിപ്പിച്ച വൈദികർ ആരെല്ലാം?

- ✞ **റവ. ഫാദർ ആർ. പോൾ (മുതിയാവിള)**
- ✞ **റവ. ഫാദർ ജെ. ജെറാൾഡ് നെല്ലിയോട്ടുകോണം (തൂങ്ങാംപാറ)**
- ✞ **റവ. ഫാദർ ഫ്രാൻസിസ് അംബ്രോസ് (തൂങ്ങാംപാറ)**

289. നെയ്യാർഡാം പണി പൂർത്തിയായ വർഷം ഏത്?

**1958**

290. നെയ്യാർഡാമിലെ ചീങ്കണ്ണികളെ നാട്ടുകാർ വിളിക്കുന്ന പേര് എന്താണ്?

**ചെതുമ്പൻ**

291. ഈശോ അവസാനമായി പത്രോസിനോട് ആവശ്യപ്പെട്ടത് എന്തായിരുന്നു?

**"*എന്നെ അനുഗമിക്കുക*".**

292. ആരാണ് ആത്മീയ പിതാവ്?

**നിത്യജീവന്റെ വീടായ സ്വർഗ്ഗത്തിൽ നിത്യമായി ജീവിക്കുന്നതിനുവേണ്ട കാര്യങ്ങൾ ഉപേശിക്കുന്ന ആളാണ് ആത്മീയ പിതാവ്.**

293. ആരായിരുന്നു 1965 കാലഘട്ടങ്ങളിൽ പാങ്ങോട് ആശ്രമത്തിലെ ആത്മീയ പിതാവ്?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി.**

294. മുതിയാവിള സെന്റ് ആൽബർട്ട്സ് ദൈവാലയത്തിൽനിന്നും ആദ്യമായി പൗരോഹിത്യം സ്വീകരിച്ച വൈദികൻ ആരാണ്?

**റവ. ഫാദർ ആർ. പോൾ**

295. റവ. ഫാദർ ആർ പോൾ ആരിൽനിന്നുമാണ് വൈദികപട്ടം സ്വീകരിച്ചത്?

**അഭിവന്ദ്യ മെത്രാൻ പീറ്റർ ബെർണാർഡ് പെരേരാ തിരുമേനിയിൽനിന്നും.**

296. ഏതു വർഷമാണ് റവ. ഫാദർ ആർ. പോൾ വൈദികനായത്?

**11.03.1966**

297. റവ. ഫാദർ ജെ. ജെറാൾഡ് നെല്ലിയോട്ടുകോണം എസ്.ഡി.ബി. ആരിൽ നിന്നു മാണ് തിരുപ്പട്ടം സ്വീകരിച്ചത്?

**കർദ്ദിനാൾ ലൂർദ്ദു സ്വാമി**

298. വെരി. റവ. ഫാദർ ജെ. ജെറാൾഡ് നെല്ലിയോട്ടുകോണം എവിടെയാണ് സേവനം അനുഷ്ഠിച്ചിരുന്നത്?

**ചെന്നൈയിലെ റെഡ്ഹിൽസിൽ വിസ്സൺ ഠൗൺ**

299. തിരുവനന്തപുരം, നെയ്യാറ്റിൻകര രൂപതകളിൽ സ്തുത്യർഹസേവനത്തിനുശേഷം തൂങ്ങാംപാറ സെന്റ് ത്രേസ്യാസ് ദൈവാലയാങ്കണത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന വൈദികൻ ആര്?

**വെരി. റവ. ഫാദർ ഫ്രാൻസിസ് അംബ്രോസ്**

300. നെയ്യാർഡാം ഇടവക രൂപീകരണത്തിനും ദൈവാലയ നിർമ്മാണത്തിനും നേതൃത്വം കൊടുത്ത വൈദികൻ ആരാണ്?

**റവ. ഫാദർ ആർ പോൾ**

301. മലപ്പനംകോട് ഇടവക രൂപീകരണത്തിനും ദൈവാലയ നിർമ്മാണത്തിനും നേതൃത്വം കൊടുത്ത വൈദികൻ ആരാണ്?

**റവ. ഫാദർ ആർ പോൾ**

302. മായം സെന്റ് മേരീസ് ദേവാലയത്തിലെ പ്രഥമ വൈദികൻ ആയത് ആരാണ്?

**റവ. ഫാദർ ജോസ് ഈരൂരിയ്ക്കൽ (സി.എം.ഐ.)**

303. റവ. ഫാദർ ജോസ് ഈരൂരിയ്ക്കൽ (സി. എം. ഐ.) എവിടെയാണ് സേവനം അനുഷ്ഠിച്ചിരുന്നത്?

**(സി.എം.ഐ.) ജഗദൽപൂർ പ്രോവിൻസിന്റെ ക്രൈസ്റ്റ് കോളേജിൽ ഇംഗ്ലീഷ് ഭാഷാവകുപ്പു മേധാവിയായി സേവനം അനുഷ്ഠിച്ചിരുന്നു.**

304. റവ. ഫാദർ വർഗ്ഗീസ് ദാസിനെ ആരാണ് സെമിനാരിയിൽ അയച്ചു പഠിപ്പിച്ചത്?

**ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

305. റവ. ഫാദർ വർഗ്ഗീസ് ദാസിന്റെ ചരമശുശ്രൂഷയ്ക്കു നേതൃത്വം വഹിച്ച പിതാവ് ആരാണ്?

**അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവ്**

306. റവ. ഫാദർ മൈക്കിൾ മനാസെ ഒ.സി.ഡി.യെ ഏതു വർഷമാണ് ദൈവദാസൻ അദെയോദാത്തൂസച്ചൻ സെമിനാരിയിൽ അയച്ചു പഠിപ്പിച്ചത്?

**1967 മേയ് 27**

307. വല്യച്ചന്റെ മുറിയിൽ കിടന്നുറങ്ങിയപ്പോൾ പഴയനിയമത്തിലെ പുരോഹിതനായ ഏലിയുടെ അടുത്തു കിടന്നിരുന്ന ശാമുവേലിന്റെ അനുഭവം ആരുടെ അനുഭവമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്?

**വെരി. റവ. ഫാദർ മൈക്കിൾ മനാസെ ഒ.സി.ഡി.**

308. ബ്രദർ ആനന്ദ് വല്യച്ചൻ മരിച്ചപ്പോൾ ഏത് ആശ്രമത്തിലാണ് സേവനം ചെയ്തിരുന്നത്?

**കുരിശുമല ആശ്രമം (കോട്ടയം ജില്ല)**

309. റവ. സിസ്റ്റർ വലന്റെയിൻ മേരിയെ അദെയോദാത്തൂസച്ചൻ മഠത്തിൽ അയച്ച് പഠിപ്പിച്ചത് എപ്പോൾ?

**1968 ജൂൺ 15**

310. റവ. സിസ്റ്റർ വലന്റെയിൻ മേരി ഇപ്പോൾ ഏത് കോൺവെന്റിൽ സേവനം ചെയ്തിരുന്നു?

**വിമലഹൃദയ കോൺവെന്റ്, പഴയാറ്റിൻകുറ്റി, കൊല്ലം**

311. ദൈവദാസൻ അദെയോദാത്തൂസച്ചൻ മുതിയാവിളയിൽനിന്നും അവസാനം മഞ്ഞുമ്മേൽ നിഷ്പാദുക കർമ്മെലീത്താ ഒന്നാം സഭയുടെ ആശ്രമത്തിൽ അയച്ചു പഠിപ്പിച്ച ബ്രദർ ആരാണ്?

**ബ്രദർ ജോർജ് ഒ.സി.ഡി.**

312. ബ്രദർ ജോർജ് ഒ.സി.ഡി.യുടെ മാമ്മോദീസാ പേര് എന്താണ്?

**വർഗ്ഗീസ്**

313. റവ. സിസ്റ്റർ ഡെന്നീസ് മേരി ഒ.സി.ഡി.യെ എപ്പോഴാണ് കുംഭകോണം നിഷ്പാദുക കർമ്മെലീത്താ മിണ്ടാമഠത്തിൽ മുതിയാവിള വല്യച്ചൻ അയച്ചു പഠിപ്പിച്ചത്?

**14.01.1964**

314. റവ. സിസ്റ്റർ ഡെന്നീസ് മേരി ഒ.സി.ഡി.യെ കൂടാതെ മറ്റ് ഏതെല്ലാം സിസ്റ്റർമാരെയാണ് മുതിയാവിള വല്യച്ചൻ കുംഭകോണം നിഷ്പാദുക കർമ്മെലീത്താ മിണ്ടാമഠത്തിൽ അയച്ചു പഠിപ്പിച്ചത്?

- ✞ **റവ. സിസ്റ്റർ എലിസബത്ത് ഒ.സി.ഡി., മായത്തുനിന്ന്**
- ✞ **റവ. സിസ്റ്റർ സിസിലി ഒ.സി.ഡി., അമ്പൂരിയിൽനിന്ന്**

315. മായം ഇടവകയിലെ റവ. സിസ്റ്റർ മാർത്താ സി.എഫ്.എം.എസ്.എസ്-നെ മുതിയാവിള വല്യച്ചൻ ഏത് മഠത്തിൽ അയച്ചാണ് പഠിപ്പിച്ചത്?

**ഫ്രാൻസിസ്കൻ സഭാമഠത്തിൽ**

316. റവ. ഡോ. ആൽബർട്ട് പീറ്റർ ഒ.സി.ഡി.യെ വൈദികവിദ്യാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ട കർമ്മെലീത്താ വൈദിക ശ്രേഷ്ഠൻ ആരാണ്?

**വെരി. റവ. ഫാദർ ആൻഡ്രൂസ് ഒ.സി.ഡി.**

317. വെരി. റവ. ഫാദർ ആൻഡ്രൂസ് വിദ്യാർത്ഥിയായ ആൽബർട്ട് പീറ്ററിനോട് ചോദിച്ചത് എന്തായിരുന്നു?

- ✞ **എന്തിനാണ് സെമിനാരിയിൽ ചേരുന്നത്?**
- ✞ **വീട്ടിൽ താമസിച്ചുകൊണ്ട് ദൈവത്തെയും സഭയെയും ശുശ്രൂഷിച്ചാൽ പോരേ?**

318. റവ. ഡോ. ആൽബർട്ട് പീറ്റർ ഒ.സി.ഡി. ഉറച്ച വിശ്വാസത്തോടെ പറഞ്ഞ മറുപടി എന്തായിരുന്നു?

**അദെയോദാത്തൂസച്ചനെപ്പോലെ എനിക്കും ഒരു കർമ്മെലീത്താ വൈദികനാകണം.**

319. റവ. ഡോ. ആൽബർട്ട് പീറ്റർ ഒ.സി.ഡി.യുടെ സഹോദരങ്ങൾ എത്രപേർ ദൈവ വിളി സ്വീകരിച്ചിട്ടുണ്ട്? അവരുടെ പേരും സേവനം ചെയ്യുന്ന സ്ഥലവും എഴു തുക?

- ✞ **റവ. ബ്രദർ ലാസർ (മിഷണറീസ് ഓഫ് ചാരിറ്റി, ഒറീസ്സാ).**
- ✞ **റവ. സിസ്റ്റർ കാർമ്മെൽ സീത്താ (മിഷണറീസ് ഓഫ് ചാരിറ്റി, റാഞ്ചി)**
- ✞ **റവ. സിസ്റ്റർ റാണിപീറ്റർ (എം.എസ്.എസ്.റ്റി., കൊല്ലം)**

320. കൊച്ചുകുട്ടികളെ കാണുമ്പോൾ വാരിക്കോരി കയ്യിലെടുത്ത് തോളിൽ രണ്ടു തട്ടും തട്ടി ചോദിക്കും, "*കൊച്ചുമക്കളേ, ആരാണ് ഹൃദയത്തിൽ?*", "*ഈശോ*" എന്നു പറയും. "*ഈശോ...ഈശോ...ഓർമ്മ വേണം...ഓർമ്മ വേണം...*" എന്ന് അദെയോ ദാത്തൂസച്ചൻ കൊച്ചുകുട്ടികളെ പഠിപ്പിച്ചത് സാക്ഷ്യപ്പെടുത്തിയ സിസ്റ്റർ ആരാണ്?

**റവ. സിസ്റ്റർ വലന്റെയിൻ മേരി എഫ്.ഐ.എച്ച്.**

321. വിശുദ്ധ മദർ തെരേസാ പങ്കെടുത്ത ധ്യാനത്തിൽ ധ്യാനഗുരു ആരായിരുന്നു?

**ദൈവദാസൻ റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

322. അമ്പൂരി പഞ്ചായത്തിന്റെ ആദ്യകാല മെമ്പറായിരുന്ന പരേതനായ ശ്രീ. മാത്യു ഇളംതുരുത്തിന്റെയും ശ്രീമതി മേരി മാത്യുവിന്റെയും മൂത്തമകൾ റവ. സിസ്റ്റർ മറി യയെ മുതിയാവിള വല്യച്ചൻ ഏതു മഠത്തിൽ അയച്ചാണ് പഠിപ്പിച്ചത്?

**പാക്കിസ്ഥാനിലെ ലാഹോർ എസ്. എച്ച്. കോൺവെന്റ്**

323. വെരി. റവ. സിസ്റ്റർ മറിയ ഏത് സ്ഥലത്ത് സേവനം ചെയ്തുവരുമ്പോൾ എപ്പോ ഴാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്?

**29.07.2005, പഞ്ചാബിൽ**

324. റവ. സിസ്റ്റർ മറിയയുടെ അനുജത്തി റവ. സിസ്റ്റർ മേരി മാത്യു ഏതെല്ലാം രൂപത കളിൽ സേവനം ചെയ്തിട്ടുണ്ട്?

**തിരുവനന്തപുരം, നെയ്യാറ്റിൻകര രൂപതകളിൽ**

325. റവ. സിസ്റ്റർ മേരി മാത്യു നെയ്യാറ്റിൻകര രൂപതയിൽ ഏതു കോൺവെന്റിൽ സേവനം ചെയ്തപ്പോഴാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്?

**അരുവിക്കര കോൺവെന്റ് 24.05.2005**

326. മുതിയാവിള കോൺവെന്റിലെ റവ. സിസ്റ്റർ അസുന്ത മേരിയും, സിസ്റ്റർ സെറാ ഫിൻ മേരിയും മേടയിൽ ഫ്ളാസ്ക്ക് എടുക്കാൻ പോയപ്പോൾ വല്യച്ചനോട് സിസ്റ്റർ ചോദിച്ചത് എന്തായിരുന്നു?

**അച്ചാ... കുളിയും കഴുകലുമൊന്നുമില്ലയോ?**

327. സിസ്റ്ററിനോട് വല്യച്ചൻ പറഞ്ഞ മറുപടി എന്തായിരുന്നു?

**മകളേ...ഞാൻ ഇന്ത്യയിൽ മിഷണറിയായി വന്നത് കുളിച്ചു സുന്ദരനാകാന ല്ല... ആത്മാക്കളെ നേടാനാണ്.**

328. അദെയോദാത്തൂസച്ചൻ മുതിയാവിള ഉള്ള സമയം ഭക്ഷണം കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചത് ആരാണ്?

**ശ്രീ. രാജൻപണിക്കർ, മുതിയാവിള**

329. ഫാ. അദെയോദാത്തൂസ് ദൈവസന്നിധിയിൽ പ്രവേശിച്ച ദിവസം ഏത് ദൈവാലയത്തിലേയ്ക്കാണ് ദിവ്യപൂജയ്ക്കു പോകാൻ യാത്ര പുറപ്പെട്ടത്?

**ചെമ്പനാംകോട് പള്ളിയിൽ**

330. ഫാ. അദെയോദാത്തൂസിന് അന്ത്യകൂദാശ നല്കിയ വൈദികൻ ആരായിരുന്നു?

**അദെയോദാത്തൂസച്ചന്റെ അസിസ്റ്റന്റ് റവ. ഫാ. റ്റി. ജെയിംസ്**

331. ജെയിംസച്ചൻ ഫാ. അദെയോദാത്തൂസിനോടൊപ്പം സഹവികാരിയായി ഉണ്ടായിരുന്ന കാലഘട്ടം ഏത്?

**1963 മേയ് 5 മുതൽ 1968 ഒക്ടോബർ 20 വരെ.**

332. അദെയോദാത്തൂസച്ചൻ സ്വർഗ്ഗത്തിൽ യാത്രയായത് എവിടെ വച്ചാണ്?

**മുതിയാവിള പള്ളിമേടയിൽ**

333. വല്യച്ചന്റെ അവസാന വചസ്സുകൾ എന്തായിരുന്നു?

***ദെയോ ഗ്രാസിയാസ്***

334. "*ദെയോ ഗ്രാസിയാസ്*" എന്ന വാക്കിന്റെ മലയാളം എന്താണ്?

**ദൈവത്തിന് നന്ദി**

335. അദെയോദാത്തൂസച്ചൻ ദൈവസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ട ദിവസം?

**1968 ഒക്ടോബർ 20**

336. 1968 ഒക്ടോബർ 20 ലെ പ്രത്യേകത എന്തായിരുന്നു?

**മിഷൻ ഞായർ**

337. ദൈവദാസൻ അദെയോദാത്തൂസച്ചന്റെ ചരമശുശ്രൂഷകൾക്ക് നേതൃത്വം നല്കിയ പിതാക്കന്മാർ ആരെല്ലാം?

- ✞ **അഭിവന്ദ്യ തിരുവനന്തപുരം രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. പീറ്റർ ബെർണാർഡ് തിരുമേനി**
- ✞ **കൊല്ലം രൂപതാ മെത്രാൻ അഭിവന്ദ്യ ജെറോം ഫെർണാണ്ടസ് തിരുമേനി**

338. അദെയോദാത്തൂസച്ചന്റെ ചരമശുശ്രൂഷകളെ അനുസ്മരിച്ചു പ്രസംഗിച്ച വൈദികൻ ആരായിരുന്നു?

**റവ. മോൺ. മാർക്ക് നെറ്റോ, അന്നത്തെ തിരുവനന്തപുരം രൂപതയുടെ വികാരി ജനറാൾ**

339. അദെയോദാത്തൂസച്ചൻ ആദ്യം അന്ത്യവിശ്രമം കൊണ്ടിരുന്നത് എവിടെയായിരുന്നു?

**പാങ്ങോട് കാർമ്മൽഹിൽ ആശ്രമ കബറിടത്തിൽ (ക്രിപ്റ്റിൽ)**

340. ഭാരതത്തിലെ രണ്ടാം ഫ്രാൻസിസ് സേവ്യർ എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

**റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

341. അദെയോദാത്തൂസച്ചന്റെ ചരമശുശ്രൂഷയ്ക്കു സഹകാർമ്മികത്വം വഹിച്ച വിദേശ നിഷ്പാദുക കർമ്മെലീത്താ മിഷനറി ആരായിരുന്നു?

**റവ. ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ഒ.സി.ഡി.**

342. നെയ്യാറ്റിൻകര രൂപതയിലെ തെക്കൻ കുരിശുമല സ്ഥാപിച്ച വിദേശ മിഷണറി ആരായിരുന്നു?

**റവ. ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ഒ.സി.ഡി.**

343. വല്യച്ചന്റെ കൂടെ 6 വർഷം അസിസ്റ്റന്റായിരുന്ന അച്ചൻ ആരായിരുന്നു?

**റവ. ഫാ. ജയിംസ് റ്റി. ഞാറയ്ക്കാട്ട്**

344. ഫാ. അദെയോദാത്തൂസിന്റെ മരണശേഷം മുതിയാവിള ഇടവക വികാരിയായത് ഏതു വൈദികനായിരുന്നു?

**റവ. ഫാ. ജെയിംസ് റ്റി. ഞാറയ്ക്കാട്ട്**

345. ദൈവദാസൻ ഫാദർ അദെയോദാത്തൂസച്ചന്റെ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്ത റവ. ഫാദർ റ്റി. ജെയിംസ് അവസാനമായി എവിടെയാണ് സേവനം അനുഷ്ഠിച്ചിരുന്നത്?

**സെന്റ് പീറ്റേഴ്സ് ദൈവാലയം, പാറശ്ശാല**

346. അദെയോദാത്തൂസച്ചന്റെ അസിസ്റ്റന്റ് വികാരിയായി അവസാനം സേവനം ചെയ്ത റവ. ഫാദർ റ്റി. ജെയിംസ് അന്ത്യവിശ്രമം കൊള്ളുന്നതെവിടെ?

**സെന്റ് പീറ്റേഴ്സ് ദൈവാലയം, പാറശ്ശാല**

347. പാങ്ങോട് ആശ്രമത്തിലെ സെമിത്തേരിയിൽ സംസ്ക്കരിച്ചവരിൽ ഏറ്റവും കൂടുതൽ ആദരിക്കുകയും അറിയപ്പെടുകയും ചെയ്ത രണ്ടു പേർ ആരെല്ലാം?

- ✞ **കൊല്ലം മെത്രാനായിരുന്ന അഭിവന്ദ്യ മോൺ. അലോഷ്യസ് മരിയ ബെൻസിഗർ**
- ✞ **മുതിയാവിള വല്യച്ചൻ എന്നറിയപ്പെടുന്ന റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

348. 1993-ൽ അദെയോദാത്തൂസ് അച്ചന്റെ 25-ാം ചരമവാർഷികത്തിൽ മുഖ്യകാർമ്മികനായി ദിവ്യബലി അർപ്പിച്ചത് ആര്?

**തിരുവനന്തപുരം രൂപതാ മെത്രാനായിരുന്ന അഭിവന്ദ്യ സൂസാപാക്യം പിതാവ്**

349. വല്യച്ചന്റെ 25-ാം ചരമവാർഷിക സ്മരണിക പ്രകാശനവും സമൂഹദിവ്യബലിയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് ആര്?

**അഭിവന്ദ്യ ആർച്ചു ബിഷപ്പ് എം. സൂസാപാക്യം**

350. വല്യച്ചന്റെ 25-ാം ചരമവാർഷികദിനത്തിൽ പ്രസിദ്ധീകരിച്ച സ്മരണിക ഏതാണ്?

***കർമ്മയോഗിയായ മിഷനറി റവ. ഫാദർ അദെയോദാത്തൂസ് ഒസിഡി***

351. റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ 25-ാം ചരമവാർഷിക സ്മരണിക എപ്പോൾ? എവിടെവച്ചു പ്രകാശനം ചെയ്തു?

**20.10.1992 തൂങ്ങാംപാറ സെന്റ് ത്രേസ്യാസ് ലിസ്യു ദൈവാലയത്തിൽ വച്ച്**

352. അദെയോദാത്തൂസച്ചൻ കുഷ്ഠരോഗികളായ സഹോദരങ്ങളുടെ വ്രണങ്ങൾ കഴുകി മരുന്നുവച്ചുകൊടുക്കുന്നത് കണ്ട് ഗുരുനാഥന്റെ ഓർമ്മയ്ക്കായി മദ്രാസിൽ "ലെപ്രസി റീഹാബിലിറ്റേഷൻ" സെന്റർ സ്ഥാപിച്ചുപ്രവർത്തിക്കുന്ന വൈദികൻ ആരാണ്?

**റവ. ഫാദർ ജെറാൾഡ് എസ്.ഡി.ബി. നെല്ലിയോട്ടുകോണം.**

353. മായം സെന്റ് മേരീസ് ദൈവാലയാങ്കണത്തിൽ തലമുറകളുടെ സംരക്ഷകനായ മുതിയാവിള വല്യച്ചന്റെ അർദ്ധകായകപ്രതിമ അനാച്ഛാദനം ചെയ്ത പിതാവ് ആരായിരുന്നു?

**അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ്.**

354. ഫാ. അദെയോദാത്തൂസച്ചന്റെ മാദ്ധ്യസ്ഥശക്തിയാൽ നിരവധി അത്ഭുതങ്ങൾ നടന്നു എന്ന് നിരന്തരം സാക്ഷ്യം പറഞ്ഞത് ആരാണ്?

**ശ്രീ. ശബരിമുത്തൻ ഉപദേശിയുടെ മകൻ ശ്രീ. ആൽബർട്ട്**

355. ഫാ. അദെയോദാത്തൂസിന്റെ മാദ്ധ്യസ്ഥശക്തിയിലുള്ള അത്ഭുതപ്രവർത്തനങ്ങൾ റോമിലെ കർമ്മെലീത്താ സഭാധികാരികൾ ഏത് രൂപതാദ്ധ്യക്ഷനെയാണ് അറിയിച്ചത്?

**നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ വിൻസെന്റ് സാമുവേൽ പിതാവ്**

356. അഭിവന്ദ്യ മോൺ. അലോഷ്യസ് മരിയ ബെൻസിഗറിനെ ദൈവദാസനായി മാർപ്പാപ്പാ പ്രഖ്യാപിച്ചത് എന്ന്?

**2018 ഒക്ടോബർ 12**

357. വി. പത്രോസിന്റെ ഫാ. അദെയോദാത്തൂസ് ഒസിഡിയെ ദൈവദാസനായി മാർപ്പാപ്പാ പ്രഖ്യാപിച്ചത് എന്ന്?

**2018 ഒക്ടോബർ 13**

358. മരിച്ചതിന്റെ 50-ാം വർഷം വി. പത്രോസിന്റെ ഫാ. അദെയോദാത്തൂസ് ഒസിഡിയെ പ്രഥമ ദൈവദാസനായി പ്രഖ്യാപിച്ച രൂപത ഏതാണ്?

**നെയ്യാറ്റിൻകര രൂപത**

359. ദൈവദാസൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

**വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള ആദ്യത്തെ നടപടിക്രമമാണ് ദൈവദാസനായി പ്രഖ്യാപിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റിയ ദാസൻ എന്നാണിതിന്റെ അർത്ഥം.**

360. ഫാ. അദെയോദാത്തൂസിന്റെ കല്ലറ തുറന്നത് അദ്ദേഹത്തിന്റെ എത്രാമത്തെ ചരമവാർഷികത്തിലായിരുന്നു?

**50-ാം ചരമവാർഷികത്തിൽ**

361. ഫാ. അദെയോദാത്തൂസിന്റെ ഭൗതികാവശിഷ്ടങ്ങൾ പാങ്ങോട് കാർമ്മെൽഹിൽ ആശ്രമത്തിന്റെ തിരുക്കുടുംബ ദൈവാലയത്തിലേയ്ക്ക് മാറ്റിയത് എന്ന്?

**2018 ഒക്ടോബർ 19**

362. എന്താണ് ഭൗതികാവശിഷ്ടങ്ങൾ?

**ഒരാളെ ദൈവദാസനായി പ്രഖ്യാപിക്കുന്ന നടപടിക്രമത്തിന്റെ ഭാഗമായി കല്ലറ തുറക്കുമ്പോൾ അതിൽ നിന്നു കിട്ടുന്ന ശരീരാവശിഷ്ടങ്ങളാണ് ഭൗതികാവശിഷ്ടങ്ങൾ.**

363. എന്താണ് തിരുശേഷിപ്പ്?

**ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന നടപടിക്രമത്തിന്റെ ഭാഗമായി കല്ലാ**

**തുറക്കുമ്പോൾ അതിൽ നിന്നു കിട്ടുന്ന ശരീരാവശിഷ്ടങ്ങളാണ് തിരുശേഷിപ്പ്.**

364. ദൈവദാസൻ ആർച്ചുബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ ഒസിഡി പിതാവിന്റെയും ദൈവദാസൻ റവ. ഫാ. അദെയോദാത്തൂസ് ഒസിഡി അച്ചന്റെയും ദൈവദാസ പദവി പ്രഖ്യാപനാഘോഷങ്ങൾ എപ്പോൾ? എവിടെ വച്ച് ആഘോഷിക്കപ്പെട്ടു?

**2018 ഒക്ടോബർ 20ന് തിരുവനന്തപുരം കാർമ്മെൽഹിൽ ആശ്രമ ദൈവാലയത്തിൽ വച്ച്**

365. 20.10.2018ൽ കാർമ്മെൽ ഹിൽ ആശ്രമ ദൈവാലയത്തിൽവച്ച് ദൈവദാസരായ ആർച്ചു ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ ഒസിഡി പിതാവിനെയും ദൈവദാസൻ അദെയോദാത്തൂസ് ഒസിഡി അച്ചനെയും ദൈവദാസ പദവിയിലേയ്ക്ക് ഉയർത്തിയ ആഘോഷങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച പിതാവ് ആര്?

**മോസ്റ്റ് റവ. ഡോ. എം. സൂസാപാക്യം**

366. 20.10.2018-ലെ ദൈവദാസ പദവികളുടെ ആഘോഷങ്ങൾക്ക് പൊന്തിഫിക്കൽ ദിവ്യബലിക്ക് സഹകാർമ്മികരായ പിതാക്കന്മാർ ആരെല്ലാം ആയിരുന്നു?

**തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ റവ. ഡോ. ക്രിസ്തുദാസ്, നെയ്യാറ്റിൻകര, കൊല്ലം, പുനലൂർ, കുഴിത്തുറ, കോട്ടാർ, പാറശ്ശാല രൂപതകളിൽ മെത്രന്മാർ.**

367. ദൈവദാസൻ അദെയോദാത്തൂസ് അച്ചന്റെ ഓർമ്മത്തിരുനാളുകളും ജന്മദിനാഘോഷങ്ങളും ഏതെല്ലാം രൂപതകളിലെ ദൈവാലയങ്ങളിൽ ആഘോഷിച്ചു വരുന്നു?

- ✟ **ചങ്ങനാശ്ശേരി അതിരൂപതയിലെ ദൈവാലയങ്ങളിൽ**
- ✟ **നെയ്യാറ്റിൻകര രൂപതയിലെ ദൈവാലയങ്ങളിൽ**
- ✟ **പാറശ്ശാല രൂപതയിലെ ദൈവാലയങ്ങളിൽ**
- ✟ **തിരുവനന്തപുരം കാർമ്മെൽഹിൽ ആശ്രമദൈവാലയത്തിൽ**

368. ദൈവദാസൻ അദെയോദാത്തൂസച്ചൻ ഉപയോഗിച്ചിരുന്ന സൈക്കിൾ, ചാരുകസേര, കട്ടിൽ, ഭരണി, മെഴുകുതിരി സ്റ്റാൻഡ്, വടി, അലമാര തുടങ്ങിയ സാധനങ്ങൾ അമൂല്യനിധിയായി ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്?

**മുതിയാവിള സെന്റ് ആൽബർട്ട്സ് ഇടവക കോംബൗണ്ടിലെ ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ മ്യൂസിയത്തിൽ**

369. മുതിയാവിള വല്യച്ചൻ അമ്പൂരിയിൽ ശ്രീ. വെട്ടുകല്ലേൽ ചാക്കോയുടെ ഭവനത്തിൽ വച്ച് വി. കുർബ്ബാന അർപ്പിക്കുവാൻ ബലിപീഠമായി ഉപയോഗിച്ചിരുന്ന കട്ടിൽ ഇപ്പോൾ എവിടെയാണ് വിശുദ്ധ വസ്തുവായി സൂക്ഷിച്ചിരിക്കുന്നത്?

**അമ്പൂരിയിലെ ശ്രീ. വെട്ടുകല്ലേൽ ചാക്കോയുടെ മൂത്തമകൻ ചാക്കോ ജോസഫിന്റെ ഭവനത്തിൽ**

370. ദൈവദാസനായ മോൺ. അലോഷ്യസ് മരിയ ബെൻസിഗർ പിതാവിന്റെയും ദൈവദാസൻ അദെയോദാത്തൂസച്ചന്റെയും മാദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ട കാര്യങ്ങൾ ലഭിക്കുന്നത് അറിയിക്കുവാൻ കർമ്മെലീത്താ സഭ ആദ്യം നിയോഗിച്ച വൈസ് പോസ്റ്റുലേറ്റർ ആരായിരുന്നു?

**വെരി. റവ. ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി. (വൈസ് പോസ്റ്റുലേറ്റർ)**

371. ദൈവദാസനായ ആർച്ചുബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ പിതാവിന്റെയും ദൈവദാസൻ അദെയോദാത്തൂസച്ചന്റെയും മാദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യങ്ങൾ ലഭിക്കുന്നത് അറിയിക്കുവാനും, നാമകരണത്തിനുംവേണ്ടി രണ്ടാമത് നിഷ്പാദുക കർമ്മെലീത്താ സഭ ചുമതലപ്പെടുത്തിയിരുന്ന വൈദികൻ ആരായിരുന്നു?

**റവ. ഡോ. പാട്രിക് മുത്തേരിൽ ഒ.സി.ഡി.**

372. ദൈവദാസനായ ആർച്ചുബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ പിതാവിന്റെ നാമകരണ ചുമതല ഇപ്പോൾ നിഷ്പാദുക കർമ്മെലീത്താ സഭ ചുമതലപ്പെടുത്തിയിരിക്കുന്ന വൈദികൻ ആരാണ്?

**വെരി. റവ. ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി. (വൈസ് പോസ്റ്റുലേറ്റർ)**

373. ദൈവദാസൻ അദെയോദാത്തൂസ് അച്ചന്റെ നാമകരണത്തിനായി നിഷ്പാദുക കർമ്മെലീത്താ സഭ ഇപ്പോൾ ചുമതലപ്പെടുത്തിയിരുന്ന വൈദികൻ ആരാണ്?

**വെരി. റവ. ഡോ. കുര്യൻ ആലുങ്കൽ ഒ.സി.ഡി. (വൈസ് പോസ്റ്റുലേറ്റർ)**

374. ദൈവദാസൻ അദെയോദാത്തൂസ് ഒസിഡി അച്ചന്റെ നാമകരണ നടപടികളുടെ ഭാഗമായിട്ടുള്ള ഹിസ്റ്റോറിക്കൽ കമ്മീഷന്റെ അംഗങ്ങൾ ആരെല്ലാം?

- ✞ **റൈറ്റ്. റവ. മോൺ. ജി. ക്രിസ്തുദാസ്**
- ✞ **റവ. ഡോ. അലോഷ്യസ് സത്യനേശൻ**
- ✞ **റവ. ഡോ. മോൺ. വിൻസെന്റ് കെ. പീറ്റർ**
- ✞ **റവ. ഫാ. വിൽഫ്രെഡ് മിറാൻഡാ ഒസിഡി**
- ✞ **ശ്രീ. അഡ്വ. ദേവദാസ്**

375. ദൈവദാസൻ അദെയോദാത്തൂസ് ഒസിഡി അച്ചന്റെ നാമകരണ കോടതി സ്ഥാപിച്ചത് എപ്പോൾ? എവിടെയാണ് പ്രവർത്തിക്കുന്നത്?

**23.11.2021. നെയ്യാറ്റിൻകര ബിഷപ്പ്സ് ഹൗസിൽ.**

376. നെയ്യാറ്റിൻകര രൂപത സ്ഥാപിതമായത് എപ്പോൾ?

**1996 ജൂൺ 14**

377. നെയ്യാറ്റിൻകര രൂപീകൃതമായത് ആരു മുതിയാവിളയിൽ എത്തിയതിന്റെ 50-ാം വാർഷികത്തിലായിരുന്നു?

**അദെയോദാത്തൂസച്ചൻ മുതിയാവിളയിൽ എത്തിയതിന്റെ 50-ാം വാർഷികത്തിൽ.**

378. വെരി. റവ. മോൺ. എസ്. തോമസ് അദെയോദാത്തൂസച്ചന്റെ അസിസ്റ്റൻഡ് വികാരിയായി മുതിയാവിള ഇടവകയിൽ എപ്പോഴാണ് വന്നത്?

**1951**

379. നെയ്യാറ്റിൻകര രൂപതയിലെ ഇപ്പോഴത്തെ വികാരി ജനറാൾ ആരാണ്?

**റവ. മോൺ. ജി. ക്രിസ്തുദാസ്**

380. കൊളവുപാറ-ഇലയ്ക്കോട് സ്ഥാപിച്ച അദെയോദാത്തൂസച്ചന്റെ സ്മൃതിമണ്ഡപം ആശീർവ്വദിച്ചത് ആര്?

**റവ. മോൺ. ജി. ക്രിസ്തുദാസ്**

381. നെയ്യാറ്റിൻകര രൂപതയിലെ പ്രഥമ ദൈവദാസൻ ആര്?

**ദൈവദാസൻ റവ. ഫാ. അദെയോദാത്തൂസ് ഒസിഡി**

382. ദൈവദാസൻ അദെയോദാത്തൂസച്ചന്റെ മരണാനന്തരം കുംഭകോണത്തെ മദർ സപ്പീരിയർ ആനി ബെൽജിയത്തെ പ്രൊവിൻഷ്യാളിന് എന്നാണ് കത്ത് അയച്ചത്?

**22.10.1968**

383. 1960 മുതൽ അദെയോദാത്തൂസച്ചൻ ഞങ്ങളുടെ ധ്യാനഗുരുവും, ഉപദേശകനും, ആത്മീയ പിതാവും ഞങ്ങളുടെ എല്ലാമായിരുന്ന ഒരു വലിയ നിധിയെയാണ് ഞങ്ങൾക്കു നഷ്ടമായത്. വല്യച്ചനുവേണ്ടി ഒരു ഗ്രിഗോറിയൻ മാസ് (തുടർച്ചയായി 30 ദിവസത്തെ വിശുദ്ധ കുർബ്ബാന) ചൊല്ലാൻ ഏർപ്പാടു ചെയ്തു. ഏതു സിസ്റ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്?

**റവ. മദർ സുപ്പീരിയർ ആനി**

384. "*നാം എല്ലാത്തിലും ദൈവത്തിന്റെ തിരുച്ചിത്തം മാത്രം അന്വേഷിക്കുന്നുവെങ്കിൽ, നമ്മുടെ ആത്മാവ് എല്ലായ്പോഴും സമാധാനവും സന്തോഷവും അനുഭവിക്കും*". ഇത് വല്യച്ചൻ ആർക്കെഴുതിയ കത്തിൽ നിന്നുള്ളതാണ്?

**റവ. സി. ജോൺ ബെർക്കുമാൻസ്**

385. 1994-ൽ വല്യച്ചന്റെ ജീവചരിത്രം കഥാപ്രസംഗം റിക്കാർഡു ചെയ്തു കാസറ്റ് പുറത്തിറക്കിയ സിസ്റ്റർ ആരാണ്?

**റവ. സിസ്റ്റർ വലെന്റെയിൻ മേരി**

386. ഇലയ്ക്കോട് ശ്രീ. തങ്കയ്യയുടെ നേർച്ചയ്ക്കായി അദെയോദാത്തൂസച്ചന്റെ സ്മൃതി മണ്ഡപം പണികഴിപ്പിച്ചു കൊളവുപാറ സെന്റ് ജോർജ് ദൈവാലയത്തിനു സമർപ്പിച്ചത് ആരാണ്?

**ശ്രീമതി കൊച്ചുത്രേസ്യാ ഇലയ്ക്കോട്**

387. തിരുവനന്തപുരം ഹോളി ഏഞ്ചൽസ് കോൺവെന്റിലെ വെരി. റവ. സിസ്റ്റർ എം. ലെറ്റീറ്റിയ സി.സി.ആർ. അദെയോദാത്തൂസച്ചനെക്കുറിച്ചു 11 പേജിൽ തയ്യാറാക്കിയ ഇംഗ്ലീഷ് ഭാഷയിലുള്ള ലേഖനം ഏതു സ്മരണികയിലാണ് ഉള്ളത്?

**കർമ്മയോഗിയായ കർമ്മെലീത്താ മിഷണറി ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ 43-ാം ചരമ വാർഷിക സ്മരണിക (രണ്ടാം പതിപ്പിൽ)**

388. അദെയോദാത്തൂസച്ചൻ കാർമ്മെൽഹിൽ ആശ്രമത്തിൽ ഉണ്ടായിരുന്നപ്പോൾ ഫാദർ ബെർണാർഡിൻ വല്ലാത്തറ ഒ.സി.ഡി. അച്ചൻ എത്ര വർഷം കാർമ്മെൽഹിൽ ആശ്രമത്തിൽ ഉണ്ടായിരുന്നു?

**7 വർഷങ്ങൾ**

389. വെരി. റവ. ഫാദർ ബെർണാർഡിൻ വല്ലാത്തറ ഒ.സി.ഡി. അദെയോദാത്തൂസച്ചനെക്കുറിച്ച് എഴുതിയ ഇംഗ്ലീഷ് പുസ്തകത്തിന്റെ പേര് എന്താണ്?

**Father Adeodatus OCD or Another Francis Xavier**

390. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോട് കിടപിടിക്കത്തക്കവിധം വലിയൊരു മിഷണറിയായിരുന്നു അദെയോദാത്തൂസച്ചൻ എന്ന് സാക്ഷ്യപ്പെടുത്തിയ കർമ്മെലീത്താ വൈദികൻ ആരാണ്?

**റവ. ഫാദർ ബെർണാർഡിൻ വല്ലാത്തറ ഒ.സി.ഡി.**

391. വല്യച്ചന്റെ ജീവചരിത്രം ഡോക്യുമെന്ററി തയ്യാറാക്കിയതാര്?

**ശ്രീ. ബി. ജി. ജയപ്രകാശ് B.Sc., M.A. (Phy.), LLB**

392. വെരി. റവ. ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി. വല്യച്ചനെക്കുറിച്ച് എഴുതിയ പുസ്തകം ഏതാണ്?

**മുതിയാവിള വല്യച്ചൻ അഥവാ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.**

393. റവ. ഫാദർ റ്റി. ജെയിംസ് വല്യച്ചനെക്കുറിച്ച് എഴുതിയ പുസ്തകം ഏതാണ്?

***ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ ചില ഓർമ്മക്കുറിപ്പുകൾ***

394. ദൈവദാസനായ അദെയോദാത്തൂസച്ചന്റെ അനുസ്മരണ ഗാനങ്ങൾ രചിച്ച വൈദികനാര്?

**റവ. ഫാദർ ജോസഫ് പാറാംകുഴി**

395. കർമ്മയോഗിയായകർമ്മെലീത്താ മിഷണറി ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി. യുടെ 43-ാം ചരമവാർഷിക സ്മരണിക രണ്ടാം പതിപ്പ് എപ്പോൾ എവിടെവച്ച് പ്രകാശനം ചെയ്തു?

**20.10.2011 മായം സെന്റ് മേരീസ് ദൈവാലയം**

396. ദൈവദാസൻ അദെയോദാത്തൂസച്ചനെക്കുറിച്ച് ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പേരുകൾ പറയുക:

- ✞ ***കർമ്മയോഗിയായ മിഷനറി: റവ. ഫാ. അദെയോദാത്തൂസ് ഒസിഡി – 25 -ാം ചരമവാർഷിക സ്മരണിക 20.10.1992***

- ✞ ***ഫാദർ അദെയോദാത്തൂസ് ഒസിഡി അഥവാ മറ്റൊരു ഫ്രാൻസിസ് സേവ്യർ***

  **റവ. ഫാ. ബെർണാർഡിൻ വല്ലാത്തറ ഒസിഡി, 2006**

- ✞ ***മുതിയാവിള വല്യച്ചൻ അഥവാ. ഫാ. അദെയോദാത്തൂസ് ഒസിഡി***

  **റവ. ഡോ. സഖറിയാസ് കരിയിലക്കുളം ഒസിഡി, 2007**

- ✞ ***ഫാദർ അദെയോദാത്തൂസ് ഒസിഡിയുടെ ചില ഓർമ്മക്കുറിപ്പുകൾ***

  **റവ. ഫാ. റ്റി. ജെയിംസ്, 2009**

- ✞ ***കർമ്മയോഗിയായ കർമ്മെലീത്താ മിഷനറി: റവ. ഫാ. അദെയോദാത്തൂസ് ഒസിഡി (രണ്ടാം പതിപ്പ്)***

  **മായം സെന്റ് മേരീസ് ദൈവാലയം, 20.10.2011**

- ✞ ***ധ്യാനസരണി***

  **വല്യച്ചന്റെ കൈപ്പടയിലുള്ള മാനസിക പ്രാർത്ഥന അഥവാ ധ്യാനത്തെക്കുറിച്ച് പൊതുവായ ചില ഉപദേശങ്ങൾ റവ. ഡോ. പാട്രിക് മൂത്തേരിൽ ഒസിഡി എഡിറ്റ് ചെയ്തത്, 2016**

- ✞ ***അദെയോദാത്തൂസ് ഒസിഡി അച്ചന്റെ ലഘുജീവിതചരിത്രം സംക്ഷിപ്ത രൂപം***

  **തൂങ്ങാംപാറയിൽനിന്ന്, 29.09.2017**

✞ *സൂക്തസമാഹാരം*

**വല്യച്ചൻ പറഞ്ഞ വാക്കുകൾ കൂട്ടിച്ചേർത്ത് റവ. ഡോ. കുര്യൻ ആലുങ്കൽ ഒസിഡി എഡിറ്റ് ചെയ്തത്, 2021**

✞ ***കർമ്മയോഗിയായ മിഷനറി: ദൈവദാസൻ റവ. ഫാ. അദെയോദാത്തൂസ് ഒസിഡി (മുതിയാവിള വല്യച്ചൻ) 125-ാം ജന്മദിനാഘോഷ സ്മരണിക***

**റവ. ഡോ. കുര്യൻ ആലുങ്കൽ ഒസിഡി ചീഫ് എഡിറ്ററായി തിരുവനന്തപുരം കാർമ്മെൽഹിൽ ആശ്രമത്തിൽനിന്നും പ്രസിദ്ധീകരിച്ച സ്മരണിക, 27.01.2022**

✞ ***തെക്കൻ കേരളത്തിന്റെ വിശ്വാസദീപം ദൈവദാസൻ അദെയോദാത്തൂസ് ഒസിഡി***

**റവ. ഫാ. മൈക്കിൾ മനാസേ ഒസിഡി**

397. കാട്ടാക്കട ഫെറോനയുടെ ആദ്യത്തെ വികാരി ആരായിരുന്നു?

**റവ. ഡോ. വിൻസെന്റ് കെ. പീറ്റർ**

398. ദൈവദാസനായ അദെയോദാത്തൂസച്ചന്റെ 46-ാം സ്വർഗ്ഗീയ പ്രവേശന വാർഷിക വേളയിൽ മുതിയാവിളയിൽ സ്മൃതിമണ്ഡപം ആശീർവ്വദിച്ച വൈദികനാര്?

**റവ. ഡോ. വിൻസെന്റ് കെ. പീറ്റർ**

399. വെരി. റവ. മോൺ. എ. ജോർജ് പോൾ എപ്പോഴാണ് മുതിയാവിള വികാരിയായി ചാർജ്ജ് എടുത്തത്?

**1979**

400. സാധുക്കളായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ വിദ്യാഭ്യാസ ട്രസ്റ്റ് രൂപീകരിച്ച വൈദികൻ ആരാണ്?

**റവ. മോൺ. എ. ജോർജ് പോൾ**

401. വെരി. റവ. ഡോ. മോൺ. സെൽവരാജ് മുതിയാവിള ഇടവക വികാരിയായി സേവനം ചെയ്ത അവസരത്തിൽ ഏത് സ്ഥാപനമാണ് മുതിയാവിളയിൽ ആശീർവ്വദിച്ചത്?

**ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ, മുതിയാവിള**

402. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി. കമ്മ്യൂണിറ്റിഹാൾ ആശീർവ്വദിച്ച പിതാവ് ആരാണ്?

**അഭിവന്ദ്യ റൈറ്റ് റവ. ഡോ. എം. സൂസാപാക്യം തിരുമേനി**

403. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ സേവനത്തിന്ശേഷം തൂങ്ങാംപാറ സെന്റ് ത്രേസ്യാസ് ലിസ്യൂ ദൈവാലയത്തെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ച പിതാവ് ആരാണ്?

**അഭിവന്ദ്യ റൈറ്റ് റവ. ഡോ. പീറ്റർ ബെർണാർഡ് തിരുമേനി**

404. എപ്പോഴാണ് തൂങ്ങാംപാറ സെന്റ് ത്രേസ്യാസ് ലിസ്യു ദൈവാലയത്തെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചത്?

**30.10.1970**

405. 30.10.1970-ൽ ഏത് വൈദികനെയാണ് തൂങ്ങാംപാറ ഇടവകയിലെ പ്രഥമ വികാരിയായി ലഭിച്ചത്?

**റവ. മോൺ. ജോൺ ഡി. ബോസ്കോ**

406. ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ് ഏതു വൈദികനാണ് തൂങ്ങാംപാറയിൽ ആരംഭിച്ചത്?

**റവ. മോൺ. ജോൺ ഡി. ബോസ്കോ**

407. ദൈവദാസനായ അദെയോദാത്തൂസ് അച്ചൻ ദിവ്യബലിയർപ്പിച്ചിരുന്ന കൊളവു പാറ സെന്റ് ജോർജ് ദൈവാലയത്തിൽ ഇപ്പോൾ എന്താണ് പ്രവർത്തിക്കുന്നത്?

**ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ സ്മാരകം**

408. ആമച്ചൽ അമലോത്ഭവ മാതാ ദൈവാലയത്തിൽ പ്രവർത്തിക്കുന്ന ഫാദർ അദെ യോദാത്തൂസ് ഒ.സി.ഡി. മെമ്മോറിയൽ നേഴ്സറി സ്കൂൾ ഇപ്പോൾ ആരുടെ നിയ ന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്?

**സിസ്റ്റേഴ്സിന്റെ**

409. പട്ടകുളം വിശുദ്ധ അന്തോണീസ് ദൈവാലയം ഏതു വൈദികനാണ് പണികഴിപ്പി ച്ചത്?

**റവ. ഫാദർ റ്റി. ജെയിംസ്**

410. 1976-ൽ പട്ടകുളം വിശുദ്ധ അന്തോണീസ് ദൈവാലയം ആശീർവ്വദിച്ച വൈദിക നാര്?

**തിരുവനന്തപുരം രൂപതാ അഡ്മിനിസ്ട്രേഷൻ മോൺ. മാർക്ക് നെറ്റോ.**

411. ദൈവദാസൻ അദെയോദാത്തൂസച്ചനെക്കുറിച്ചുള്ള ഗാനങ്ങൾ രചിച്ച നിഷ്പാദുക അല്മായ കർമ്മെലീത്താസഭാംഗം ആരാണ്?

**ശ്രീമതി ആർ. രാജപുഷ്പം പീറ്റർ**

412. ഏതു വൈദികനാണ് ഇപ്പോഴത്തെ കാട്ടാക്കട ഫെറോനാ വികാരി?

**വെരി. റവ. ഫാദർ വത്സലൻ ജോസ്**

413. ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ 50-ാം ചരമ വാർഷികാ ഘോഷത്തോട് അനുബന്ധിച്ച് നെയ്യാറ്റിൻകര രൂപതയുടെയും വല്യച്ചൻ സേവനം ചെയ്തിരുന്ന പള്ളികളിലൂടെ കടന്നുപോയ വിശ്വാസ ദീപശിഖാറാലിയ്ക്ക് നേതൃ ത്വം കൊടുത്ത വൈദികർ ആരൊക്കെയാണ്?

- ✠ **വെരി. റവ. ഫാദർ വത്സലൻ ജോസ് (കാട്ടാക്കട ഫൊറോനാ വികാരി)**
- ✠ **വെരി. റവ. ഡോ. കുര്യൻ ആലുങ്കൽ ഒ.സി.ഡി. (വൈസ് പോസ്റ്റുലേറ്റർ)**

414. ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ 125-ാം ജന്മദിനാഘോഷം മുതൽ സാധുക്കളായ വിദ്യാർത്ഥികൾക്ക് ധനസഹായം നല്കുന്നതിന് കാർമ്മെൽ ഹിൽ ആശ്രമത്തിൽനിന്നും ചുമതലപ്പെടുത്തിയ വൈദികൻ ആരാണ്?

**റവ. ഡോ. റോക്കോസ് കോലഞ്ചേരി ഒ.സി.ഡി.**

415. ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ മെമ്മോറിയൽ ലൈബ്രറി (തൂങ്ങാംപാറ) ആരംഭിച്ച വൈദികൻ ആരാണ്?

**റവ. ഫാദർ ജെറാൾഡ് മത്യാസ്**

416. ദൈവദാസൻ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ മെമ്മോറിയൽ ലൈബ്രറി (തൂങ്ങാംപാറ) ആശീർവ്വദിച്ച വൈദികൻ ആരാണ്?

**വെരി. റവ. ഫാദർ ഡോ. കുര്യൻ ആലുങ്കൽ ഒ.സി.ഡി. (വൈസ് പോസ്റ്റുലേറ്റർ)**

417. അദെയോദാത്തൂസച്ചനെ നേരിൽ കണ്ട ഓർമ്മകളുമായി ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന ഹോളിഏഞ്ചൽസ് കോൺവെന്റിലെ സിസ്റ്റേഴ്സ് ആരെല്ലാമാണ്?

- ✞ **റവ. സി. മേരി ബെർക്ക്മാൻസ് സി.സി.ആർ.**
- ✞ **റവ. സി. മേരി ജെസീന്താ സി.സി.ആർ.**
- ✞ **റവ. സി. മേരി മെർലിൻ സി.സി.ആർ.**
- ✞ **റവ. സി. മേരി സെറാഫിൻ സി.സി.ആർ.**
- ✞ **റവ. സി. മേരി മാക്സിൻ സി.സി.ആർ.**

418. മുതിയാവിള വല്യച്ചന്റെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ട ഓർമ്മകളുമായി വിശ്രമ ജീവിതം നയിക്കുന്ന തിരുഹൃദയ മഠത്തിലെ കന്യാസ്ത്രികൾ ആരെല്ലാമാണ്?

- ✞ **റവ. സി. മേരി സിറിയക് എസ്. എച്ച്.**
- ✞ **റവ. സി. ജോസ് മാത്യു എസ്. എച്ച്.**
- ✞ **റവ. സി. ഗബ്രിയേൽ എസ്. എച്ച്.**

419. വല്യച്ചന്റെ പ്രവർത്തനങ്ങൾ നേരിൽകണ്ട് അനുഭവിച്ച്, ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്ന എഫ്. ഐ. എച്ച്. സന്യാസമഠത്തിലെ കന്യാസ്ത്രികൾ ആരെല്ലാം?

- ✞ **റവ. സി. വലന്റെയിൻ മേരി എഫ്. ഐ. എച്ച്., കൊട്ടിയം പി. എസ്. കോൺവെന്റ്**
- ✞ **റവ. സി. സൂസൻ മേരി എഫ്. ഐ. എച്ച്., കൊട്ടിയം പി. എസ്. കോൺവെന്റ്**
- ✞ **റവ. സി. സെന്നാമേരി എഫ്. ഐ. എച്ച്., കൊട്ടിയം വിമലഹൃദയ ധ്യാന കേന്ദ്രം**
- ✞ **റവ. സി. എമിലിയാമേരി എഫ്. ഐ. എച്ച്., കൊട്ടിയം വിമലഹൃദയ ധ്യാന കേന്ദ്രം**
- ✞ **റവ. സി. കാതറയിൻ മേരി എഫ്. ഐ. എച്ച്., പട്ടത്താനം വിമലഹൃദയ മഠം**
- ✞ **റവ. സി. സെറാഫിൻ മേരി എഫ്. ഐ. എച്ച്., പട്ടത്താനം വിമലഹൃദയ മഠം**

420. ദൈവദാസൻ റവ. ഫാ.അദെയോദാത്തൂസ് അച്ചന്റെ 127-ാം ജന്മവാർഷികം എന്നായിരുന്നു?

**2023 ജനുവരി 27.**

**ശുഭം**